# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.17/303A/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 24/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെഎസ്എ.കെടിഎം.പി.17/303A/2023 തീയ്യതി: 24/03/2023

## കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 21-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 21-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ആൽബിൻ സിറിയക്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ,ഓഡിറ്റർ
ശ്രീമതി ബീനാകുമാരി ടി വി,ഓഡിറ്റർ (14.02.2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേണുക രതീഷ് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ കൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അജിത് വി പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത രജിത്കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.അനിൽകുമാർ വി വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. നിർമ്മലാ പ്രിയദർശിനി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വാസുദേവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി റെഹിയാനത്ത് ബീവി കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ഡോ.അനിതാ ബാബു | മെഡിക്കൽ ഓഫീസർ ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ശ്രീമതി മായാ ഗോപാൽ | താലൂക്ക് വ്യവസായ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആരതി സാധു | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2021 | 27-07-2021 |
| ശ്രീ ബിനു കെ | മുൻസിപ്പൽ എഞ്ചിനീയർ | 27-07-2021 | 03-08-2021 |
| ശ്രീ ജയകുമാർ ബി | മുൻസിപ്പൽ എഞ്ചിനീയർ | 03-08-2021 | 31-03-2022 |
| ശ്രീ മെയ്സൺ മുരളി | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2021 | 13-06-2021 |
| ശ്രീമതി ഷീലാ റാണി | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 14-06-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ഷാജി എ വി | ഹെഡ്മാസ്റ്റർ | 01-04-2021 | 06-12-2021 |
| ശ്രീമതി ഷാലിമോൾ എസ് | ഹെഡ്മിസ്ട്രസ്സ് | 06-12-2021 | 31-03-2022 |
| ശ്രീമതി ബ്ലസ്സി ജോഷി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 20-09-2021 |
| ശ്രീ കണ്ണൻ ബി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 20-09-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-11-2021 |
| ശ്രീ.സതീഷ് കുമാർ കെ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-11-2021 | 28-12-2021 |
| ശ്രീ.സിബിമോൻ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി - പദ്ധതിരൂപീകരണം - പ്രവർത്തനഘട്ടങ്ങൾ | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി ചട്ടപ്രകാരമല്ലാതെ ഒഴിവാക്കി നൽകി | 1-11 |
| 12 | വസ്തുനികുതിനിർണ്ണയം -തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-12 |
| 13 | മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം - വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന പരിഗണിച്ചില്ല. | 1-14 |
| 15 | വസ്തുനികുതി റിവിഷൻ -ഡേറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല. | 1-15 |
| 16 | ഭീമമായ തുകകൾ നികുതിയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു | 1-16 |
| 17 | തൊഴിൽ നികുതി -ഈടാക്കിയില്ല. | 1-17 |
| 18 | വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ളത് ലക്ഷങ്ങൾ | 1-18 |
| 19 | ലേലം ചെയ്യാത്ത കടമുറികൾ/ആസ്തികൾ | 1-19 |
| 20 | കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് കുത്തക ലേലം- കുടിശ്ശിക പൂർണ്ണമായി ഈടാക്കിയിട്ടില്ല. | 1-20 |
| 21 | വാർഷിക കണക്കുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ക്രമവിരുദ്ധം | 1-22 |
| 23 | ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല | 1-23 |
| 24 | ലൈബ്രറിയിലേക്ക് ആനുകാലികങ്ങൾ - വൗച്ചറുകൾ ലഭ്യമായില്ല. | 1-24 |
| 25 | പ്രൊക്യൂർമെന്റ് മാനുവൽ പാലിക്കാതെ ലാബ് ഉപകരണങ്ങൾ സർക്കാർ അക്രഡിറ്റഡ് ഏജൻസിയിൽ നിന്ന് വാങ്ങി. | 1-25 |

| | | |
|---|---|---|
| 26 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - അപാകതകൾ | 1-26 |
| 27 | ശ്മശാന നവീകരണം - അപാകതകൾ | 1-27 |
| 28 | തെരുവു വിളക്കുകളുടെ കറന്റ് ചാർജ് - ഭീമമായ തുക കുടിശ്ശിക അടയ്ക്കാൻ ബാക്കി നിൽക്കുന്നു | 1-28 |
| 29 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക കുടിശ്ശിക അടയ്ക്കാൻ ബാക്കി നിൽക്കുന്നു | 1-29 |
| 30 | മുനിസിപ്പൽ ഓഫീസ് നവീകരണം പൂർത്തീകരണം- ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടില്ല | 1-30 |
| 31 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം - അപാകതകൾ. | 1-31 |
| 32 | വഴിവിളക്കുകളുടെ മെയിന്റനൻസ് - ലൈസൻസ് ഇല്ലാത്ത കരാറുകാരന് നിർവ്വഹണച്ചുമതല നൽകി | 1-32 |
| 33 | ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർപ്യൂരിഫയറുകൾ പ്രവർത്തനക്ഷമമല്ല. | 1-33 |
| 34 | നഗരസഭാ പരിധിയിലുള്ള അങ്കണവാടികൾ സ്മാർട്ട് അങ്കണവാടിയാക്കൽ - അപാകതകൾ | 1-34 |
| 35 | തെരുവ് വിളക്കുകൾ വാങ്ങൽ/ മെയിന്റനൻസ് - അപാകതകൾ | 1-35 |
| 36 | ആയുർവേദ ആശുപത്രിയിൽ തുമ്പൂർമുഴി സ്ഥാപിക്കൽ -നിർമ്മാണം പൂർത്തീകരിച്ചെങ്കിലും മാലിന്യസംസ്കരണം നടക്കുന്നില്ല. | 1-36 |
| 37 | പഠനമുറി നിർമ്മാണം -പൂർത്തിയാക്കിയിട്ടില്ല | 1-37 |
| 38 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതികൾപൂർത്തിയായില്ല | 1-38 |
| 39 | ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല | 1-39 |
| 40 | ലൈഫ് ഭവന പദ്ധതി - വിശദാംശങ്ങൾ ലഭ്യമായില്ല. | 1-40 |
| 41 | ഉറവിടമാലിന്യസംസ്കരണം-ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കൽ -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ. | 1-41 |
| 42 | ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അധികം തുക നൽകി | 1-42 |
| 43 | ശുചീകരണ സാമഗ്രികൾ വാങ്ങൽ-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-43 |
| 44 | ഹരിത കർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കിയിട്ടില്ല | 1-44 |
| 45 | കുടിശ്ശിക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 48711 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-45 |
| 46 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിൽ വീഴ്ച | 1-46 |
| 47 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല - സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല | 1-47 |

| | | |
|---|---|---|
| 48 | പി.എം.എ.വൈ - അവലോകനം | 1-48 |
| 49 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - സി.എഫ് .എൽ .റ്റി.സി/ഡി.സി.സി നടത്തിപ്പ് സംബന്ധിച്ച് | 1-49 |
| 50 | ജലാശയങ്ങളുടെ പുനരുജ്ജീവനം - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-50 |
| 51 | മുൻകൂർ നാളിതുവരെ ക്രമീകരിച്ചില്ല. | 1-51 |
| 52 | പെൻഷൻ കോൺട്രിബ്യൂഷൻ -വരവ് അടവ് വിവരങ്ങൾ - കൃത്യതയില്ല | 1-52 |
| 53 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-53 |
| 54 | വിനിയോഗ സാക്ഷ്യ പത്രം, ചെലവ് വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല - 20000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-54 |
| 55 | വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-55 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 19.03.2022 തീയതിയിൽ കൂടിയ പൊതുസമിതിയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അവതരിപ്പിക്കുകയും ആയതിന്മേൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികളോടെ നഗരസഭാകൗൺസിൽ തൻവർഷത്തെ ബജറ്റ് അംഗീകരിക്കുകയും (അജണ്ട- 1 തീരുമാനം -1) ചെയ്തു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1788667 | 33054557.27 |
| വരവ് | 283049660 | 148522407 |
| ആകെ | 284838327 | 181576964.27 |
| ചെലവ് | 281397470 | 158531041 |
| നീക്കിയിരിപ്പ് | 3440857 | 23045923.2 |

ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 285 മുതൽ 293 വരെയുള്ള ഭാഗങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 286, അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

വൈക്കം നഗരസഭയുടെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 183,408,098/- രൂപയും ചെലവ് 185,403,039/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 25,217,447 രൂപയുമാണ്. 31/03/2022-ലെ നഗരസഭയുടെ ആസ്തിമൂല്യം 212,607,912 രൂപയും ബാധ്യതകളുടെ മൂല്യം 148,183,900.27 രൂപയും ജനറൽ ഫണ്ട് 64,424,012 രൂപയുമാണ്. 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ഡി & ഒ ലൈസൻസ് എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള കുടിശ്ശിക തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല .

2. ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള 7271/-രൂപ തനതു ഫണ്ട് വിഹിതം അല്ല എന്ന് ഉറപ്പു വരുത്താതെ ബാലൻസ് ഷീറ്റിലെ Other Liabilities പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3.ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 'Other Advances-Municipal Funds' എന്നയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ (55,910,429) കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

4.സ.ഉ.(എം.എസ്)നം.152/11/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.

5.ജീവനക്കാരുടെ തൊഴിൽ നികുതി തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

6.ബി 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പരസ്യനികുതിയിനത്തിൽ ലഭ്യമാകുവാനുള്ള 96720 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

7.2021-22 വർഷം ക്രിമറ്റോറിയം കുത്തക ലേലമിനത്തിലുള്ള ഡിമാന്റ് തുക 110250 രൂപയാണ്. എന്നാൽ പ്രസ്തുത തുക ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ഡിമാന്റായി ഉൾപ്പെടുത്തിയിട്ടില്ല.

8. RMSA പദ്ധതിയ്ക്കായി ലഭ്യമായതും ചെലവഴിക്കാത്തതുമായ 1501916/- രൂപ B-4 ഷെഡ്യൂളിൽ Welfare Bodies എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക ടി പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസൃതമായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

9.സ്ഥിരനിക്ഷേപം ശീർഷകത്തിൽ വാർഷികധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന തുക ക്ലീൻ കേരള കമ്പനിയിൽ നഗരസഭയുടെ പേരിലുള്ള ഇക്വിറ്റി ഷെയറാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33054557.27 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 148522407 |
| ആകെ | 181576964.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 158531041 |
| നീക്കിയിരിപ്പ് | 23045923.27 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8117599 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19574000 | 19574000 | 19563960 | 10040 | 99.94 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7848000 | 7848000 | 3160026 | 4687974 | 41 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | ---- | ---- | -- | --- | |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 21730720 | 21730720 | 15309229 | 6221491 | 70 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 9822838 | 9822838 | 7864309 | 1958529 | 81 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 0 | 13166698 | 13166698 | 8210965 | 4955733 | 62 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | 24972983 | 24972983 | 12148043 | 12824940 | 49 |
| സ്വച്ഛ് ഭാരത് | 3265812 | 1929015 | 5194827 | 2698756* | 119003 | |
| എൻ.യു.എൽ.എം | 205805 | 778652 | 984457 | 857943 | 126514# | |
| സാക്ഷരത | 72359 | 1717 | 74076 | 35000 | 39076 | |
| | | | | | | |

* 2377068 രൂപ റീഫണ്ട് ചെയ്തു

# 1265514 റീഫണ്ട് ചെയ്ത തുകയാണ്. ബാലൻസ് ഇല്ല.

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 6) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി - പദ്ധതിരൂപീകരണം - പ്രവർത്തനഘട്ടങ്ങൾ

13-ാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷമായ 2021-22ൽ വാർഷികപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ആസൂത്രണകലണ്ടർപ്രകാരം ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ പുനസംഘടിപ്പിച്ച് അംഗീകരിക്കുകയും കോവിഡ് സാഹചര്യം ഉണ്ടായിരുന്നിട്ടും മാർഗ്ഗരേഖാ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതൊഴികെയുള്ള മറ്റ് നടപടി ഘട്ടങ്ങൾ പാലിച്ചിട്ടുള്ളതായും രേഖകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ പ്രവർത്തന ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 20.02.2021 |
| വർക്കിംഗ് ഗ്രൂപ്പ്യോഗം | 05.02.2021 |
| വികലാംഗഗ്രാമസഭ,ഊരുകൂട്ടയോഗം | --- |
| വാർഡുസഭായോഗങ്ങൾ | 7.02.2021-15.02.2021 |
| വികസനസെമിനാർ | 17.02.2021 |

നഗരസഭയുടെ 2021-22വാർഷികപദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 19.02.2021 ലെ 1(1)-ാം നമ്പർ യോഗതീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022ലെ (നമ്പർ81892/DPC/DPO/KTM) യോഗതീരുമാനപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു.

സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 264 പ്രോജക്ടുകൾക്കാണ് വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ 179 പ്രോജക്ടുകൾക്കു വേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതിച്ചെലവ് 60.24%.

വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്കുകൾ | തുക ചെലവഴിച്ചവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 3 | 2028900 | 326750 | 17 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 160000 | 160000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 455000 | 454950 | 99 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 7 | 6 | 4069472 | 2911739 | 72 |
| കൃഷി ഓഫീസർ | 2 | 1 | 1540000 | 750000 | 49 |
| സെക്രട്ടറി,നഗരസഭ | 45 | 33 | 29065189 | 21821509 | 75 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 8 | 7 | 1615000 | 1486539 | 92 |
| വെറ്ററിനറി സർജൻ | 9 | 7 | 1028000 | 344765 | 34 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 1 | 1 | 625920 | 600000 | 96 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ | 25 | 19 | 16859734 | 10119070 | 61 |
| മുനിസിപ്പൽ എൻജിനീയർ | 151 | 91 | 53142960 | 25838482 | 49 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 3946250 | 3806261 | 97 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 570000 | 150000 | 27 |
| ആകെ | 264 | 179 | 116546475 | 70210065 | 60.24 |

തൻവർഷം പൊതുവിഭാഗത്തിൽ ലഭ്യമായ വികസനഫണ്ട് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇതരവിഭാഗം സർക്കാർ ഗ്രാന്റുകൾ (സംരക്ഷണഗ്രാന്റ് (നോൺ റോഡ്) സംരക്ഷണഗ്രാന്റ് (റോഡ്)) ലഭ്യമായത് പൂർണ്ണമായും ചെലവഴിക്കാനാകാത്തതിനാൽ അനുവദിച്ച 56.17ലക്ഷം രൂപ നഗരസഭയ്ക്ക് നഷ്ടമായി.

<u>സ്പിൽ ഓവർപ്രോജക്കുകൾ നടപ്പാക്കിയില്ല</u>

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് സ്പിൽ ഓവർപ്രോജക്കുകൾ അവ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ നടപ്പാക്കേണ്ടതാണ്. എന്നാൽ പ്രളയ ദുരിതാശ്വാസഫണ്ട് വകയിരുത്തി ആവിഷ്കരിച്ചതുൾപ്പെടെ അംഗീകാരം കിട്ടിയ 29 സ്പിൽ ഓവർ പ്രോജക്കുകൾ 2021-22 വർഷവും നടപ്പാക്കിയില്ല.

<u>മുനിസിപ്പൽ എൻജിനീയർ നടപ്പാക്കിയ പ്രോജക്കുകൾ</u>

സ്പിൽഓവർ ഉൾപ്പെടെ ആകെ 151 പ്രോജക്കുകളുടെ നിർവ്വഹണച്ചുമതലയാണ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിരുന്നത്. ആയതിൽ 91 പ്രോജക്കുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. നടപ്പാക്കിയ 91 പ്രോജക്കുകളിൽ 25 എണ്ണവും സ്പിൽ ഓവർ പ്രോജക്കുകളായിരുന്ന

എന്നതും ശ്രദ്ധിക്കേണ്ടതാണ്. സമയബന്ധിതമായി പദ്ധതിനിർവ്വഹണ നടപടികൾ ആരംഭിക്കാത്തതും ഏറ്റെടുക്കുന്ന പ്രവൃത്തികൾ കരാറുകാർ യഥാസമയം പൂർത്തീകരിക്കാതെ വരുന്നതുമെല്ലാം അതാത് വർഷം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായി വരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള വിഹിതം ലഭ്യമാകാത്തതിനാൽ തൻവർഷത്തെ പദ്ധതികൾക്കു ചെലവഴിക്കേണ്ട വിഹിതത്തിൽ നിന്നും ചെലവ് നടത്തേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഈ രീതി ഓരോ വാർഷികപദ്ധതികളിലും തുടർന്നുപോരുന്നതായിട്ടാണ് കാണുന്നത്. ഏകവർഷപ്രോജക്ടായി അംഗീകാരം ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതും മൂന്നോ നാലോ മാസങ്ങൾ മാത്രം പൂർത്തീകരണം അനുവദിക്കുന്നതുമായ മിക്ക റോഡ് പ്രവൃത്തികളും അടുത്ത വർഷത്തെ പദ്ധതിയിൽപ്പോലും പൂർത്തീകരിക്കാതെ വീണ്ടും സ്പിൽഓവറായി തുടരുന്നതായും കാണുന്നു.

നഗരസഭയുടെ മരാമത്ത് വേലകൾക്ക് മത്സരാധിഷ്ഠിത ടെൻഡറുകൾ ലഭ്യമാകുന്നില്ല

നഗരസഭ 2021-22 വർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് വേലകളുടെ ഭാഗമായി നിയമാനുസൃതം ടെൻഡർ, ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും മിക്കവാറും എല്ലാ പ്രവൃത്തികൾക്കും ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തില്ലായെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. റീടെൻഡർ ചെയ്യുമ്പോഴാകട്ടെ എസ്റ്റിമേറ്റ് നിരക്കും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% കൂടുതലും ക്വോട്ട് ചെയ്യുന്ന രണ്ട് ടെൻഡറുകൾ മാത്രം ലഭ്യമാകുന്നതായിട്ടും കാണുന്നു. അഞ്ച് ലക്ഷത്തിനുമേൽ പ്രോജക്ട് കോസ്റ്റ് വരുന്ന പ്രവൃത്തികൾക്കുപോലും ഇപ്രകാരം ടെൻഡർ നടപടികൾ മത്സരാധിഷ്ഠിതമല്ലാതെ വരുന്നതിന്റെ കാരണം വ്യക്തമല്ല. മിക്ക പ്രോജക്ടുകൾക്കും റീടെൻഡർ ചെയ്യുന്ന സാഹചര്യത്തിലും ടെൻഡറുകൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തിചെയ്യാൻ സന്നദ്ധത അറിയിച്ച് കരാറുകാർ ഓഫർ നൽകുന്നതായും കാണുന്നു. സ്ഥിരമായി രണ്ടോ മൂന്നോ കരാറുകാർ മാത്രം പ്രവൃത്തികൾ ഇത്തരത്തിൽ മാറി മാറി ഏറ്റെടുക്കുന്നതായിട്ടാണ് കാണുന്നത്.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ -മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന് പദ്ധതി മാർഗ്ഗരേഖാ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ വാർഡുസഭകൾ അംഗീകരിച്ച എല്ലാ പദ്ധതികളും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ലഭിച്ച പദ്ധതിവിഹിതം തുല്യമായി എല്ലാ വാർഡുകളിലും നൽകുന്നതിനും മെയിന്റനൻസ് ഗ്രാന്റും സി.എഫ്.സി ഗ്രാന്റും ഉൾപ്പെടെ ഓരോ വാർഡിലും 8.5 ലക്ഷം രൂപയുടെ വർക്കുകൾ ഏറ്റെടുക്കുന്നതിനും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തുകാണുന്നു. ( 27-2-20-ലെ 1, 15 നം. തീരുമാനങ്ങൾ) ഒരേ റോഡുകൾ ചെറിയ ചെറിയ റീച്ചുകളാക്കി വാർഡടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കുന്നതും ഒരേ കാര്യങ്ങൾക്കായി രണ്ടും അതിലധികവും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമെല്ലാം പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിനും കുറഞ്ഞ അടങ്കലിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും കാരണമാകുന്നു. ഇതുമൂലം കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറാകാതെ വരുന്ന സാഹചര്യവുമുണ്ട്. ഇതുമൂലം പ്രോജക്ടുകൾ നടപ്പാകാതെ ഫണ്ട് ലാപ്സാകുന്ന സാഹചര്യവുമുണ്ട്. മാത്രല്ല എൻജിനീയറിംഗ് വിഭാഗത്തിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തത് മൂലം എല്ലാ പ്രോജക്ടുകൾക്കും സ്ഥലപരിശോധ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നിർവ്വഹണഘട്ടത്തിൽ കൃത്യസമയത്ത് മേൽപരിശോധനകൾ നടത്തുന്നതിനും സാധിക്കാതെ വരുന്നു.

വാർഷികപദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ച വിഷയങ്ങൾക്ക് കാരണമായിട്ടുള്ള സാഹചര്യങ്ങൾ പരിശോധിച്ച് ഭാവിയിൽ അവ ഒഴിവാക്കേണ്ടതും അപാകതകൾ പരിഹരിക്കപ്പെടേണ്ടതുമാണ്. ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭാ കൗൺസിൽ എന്നീ അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 593 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 232 പദ്ധതികളിൽ 232 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 108896 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1436 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പച്ചക്കറി കൃഷി സ്ഥലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, തോട് വൃത്തിയാക്കൽ, വഴിയരികിൽ വൃക്ഷത്തൈ നടീൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3,21,014/-- |
| വരവ് | 2021-22 അലോട്ട്മെന്റ് | 21057500 | 3,21,014/-- |
| | ബാങ്ക് പലിശ | 61784 | |
| | ആകെ വരവ് | 21440298 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 21440298 |
| ചെലവ് | വേതനം | 19764865 | 20584888 |
| | സാധന ഘടകം | 139392 | |
| | ശമ്പളം (ഭരണച്ചെലവ്) | 599120 | |
| | മറ്റു ചെലവ് | 815511 | |
| നീക്കിയിരിപ്പ് | | | 855410 |

യൂണിയൻ ബാങ്കിലെ 553702010005561 നം. അക്കൗണ്ടിലൂടെയാണ് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് വിനിമയം നടത്തുന്നത്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം വിവിധ ക്ഷേമപദ്ധതികൾക്കായി നഗരസഭ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2040 | 1 |
| വാർദ്ധക്യകാല പെൻഷൻ | 30925300 | 2233 |
| കർഷക തൊഴിലാളി പെൻഷൻ | 4767400 | 298 |
| വിധവ പെൻഷൻ | 8756900 | 604 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 915600 | 62 |
| വികലാംഗ പെൻഷൻ | 3186700 | 211 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 ന് 3.30 പി എംന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 125051/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നഗരസഭയിലെ പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസെൻസ്, വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് വസ്തുനികുതിയിലെയും, വാടകയിലെയുമൊക്കെയുള്ള കുടിശ്ശികകൾ വ്യക്തമാക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്റ്റുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളിൽ പരിശോധനയ്ക്കാവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തുന്നില്ല.

പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറൽ | 19.07.2016 – 05.08.2016 | 2011-12 മുതൽ 2015-16 | LBA(HQ)II/8A-2485/197 Dtd 19.06.2012 |

## 1-11 വസ്തുനികുതി ചട്ടപ്രകാരമല്ലാതെ ഒഴിവാക്കി നൽകി

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉടമസ്ഥത |
|---|---|---|---|
| 1 | 1/193-2 | 85 | തഹസീൽദാർ വൈക്കം |

മേൽ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.02.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടത്തിൽ വില്ലേജ് ഓഫീസ് ഉദയനാപുരം പ്രവൃത്തിക്കുന്നുണ്ടെന്നും മേൽ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതു സംബന്ധിച്ച് സ്ഥലപരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതിനിർണ്ണയം -തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.

നഗരസഭയിലെ 2021-22 അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് 6 ൽ ഉൾപ്പെട്ട ശ്രീ ദേവാനന്ദ് വി എന്ന വ്യക്തിയുടെ പേരിലുള്ള 190/C എന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 257.58 ച.മീ ആണ്. കെട്ടിട ഉടമ ലഭ്യമാക്കിയ വിവര ശേഖരണ ഫാറം 6 പ്രകാരം കെട്ടിടത്തിന്റെ തറനിർമ്മിതിയുടെ തരം മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ/ഗ്രാനൈറ്റ്/ടൈൽസ്/മറ്റ് വിലയേറിയ വസ്തുക്കൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന 15% വർദ്ധന വരുത്തിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/14.02.2023) വസ്തുനികുതി പരിഷ്കരിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. സ്ഥലപരിശോധന നടത്തി വസ്തുനികുതിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

നഗരസഭയിലെ 16-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥത സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വൈക്കം മുൻസിപ്പൽ കൗൺസിലിനാണ്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | വിസ്തീർണ്ണം (ച മീ) | ഉപയോഗക്രമം | കണക്കാക്കിയ വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 204 | 22.63 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1082 |
| 2 | 205 | 23.50 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, | 1124 |

| | | | | |
|---|---|---|---|---|
| | | | ഷോപ്പുകൾ , ഗോഡൗൺ | |
| 3 | 206 | 20.52 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 981 |

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ വകുപ്പ് 235 (എച്ച്) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം വക കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/16.02.2023) കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. ചട്ടപ്രകാരം നികുതി ഒഴിവാക്കേണ്ടുന്ന കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് നഗരസഭയുടെ വസ്തുനികുതി കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമായിത്തീരുന്നതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വിശദമായ പരിശോധന നടത്തി നികുതി ഒഴിവാക്കേണ്ടുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം - വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന പരിഗണിച്ചില്ല.

നഗരസഭയുടെ 1-ാം വാർഡിലുള്ള 81/A കെട്ടിടത്തിന് (ഉടമസ്ഥത – ശ്രീ സിബിമോൻ, വിസ്തീർണ്ണം- 64.28 ച മീ,ഉപയോഗക്രമം - വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ ) വസ്തുനികുതി നിർണ്ണയത്തിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധന (2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 6 പട്ടിക 2) വരുത്തിയതായി കാണുന്നില്ല. മേൽ കെട്ടിടം വൈക്കം എറണാകുളം റോഡിന്റെ സമീപമാണ് സ്ഥിതി ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/16.02.2023) ലഭ്യമാക്കിയ മറുപടിയിൽ വഴിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയ ശേഷം വസ്തുനികുതി പരിഷ്കരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി റിവിഷൻ -ഡേറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല.

1.വൈക്കം നഗരസഭയുടെ 26 വാർഡുകളിലും വസ്തുനികുതി റിവിഷൻ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി എൻട്രി ചെയ്തിട്ടുള്ള ഫോം 6 തിരുത്തൽ വരുത്തുന്നതിനും വിട്ടുപോയിട്ടുള്ളവ പുതുതായി ചേർക്കുന്നതിനും 2013-14 മുതലുള്ള രസീത് പോസ്റ്റിംഗ് പൂർത്തീകരിച്ച് ടാക്സ് റിവിഷൻ ഓൺലൈൻ ആക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധനയിൽ പല കെട്ടിടങ്ങളുടെയും സ്റ്റാറ്റസ്, ഡേറ്റാ എൻട്രി ഓൺഗോയിംഗ് എന്നാണ് കാണിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് | കെട്ടിടനമ്പർ |
|---|---|---|
| 1. | 16 | 632 |
| 2. | 16 | 587 |
| 3. | 1 | 219 |
| 4. | 3 | 1 |

കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ നഗരസഭയിലെ എല്ലാ അടിസ്ഥാന റോഡുകളെ ഉൾപ്പെടുത്തി റോഡ് മാസ്റ്റർ തയ്യാറാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം

ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/16.02.2023) ചില കെട്ടിടങ്ങൾ ഡേറ്റാ എൻട്രി അപാകത മൂലം ഇരട്ടിപ്പ് വന്നതിനാൽ ഉണ്ടായ അപാകതയാണെന്നും ഡേറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഐ കെ എം-ന്റെ സാങ്കേതിക സഹായത്തോടെ റോഡ് മാസ്റ്റർ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ കൃത്യമാക്കി വസ്തുനികുതി നിർണ്ണയം, വസ്തുനികുതി കളക്ഷൻ എന്നിവയിലെ അപാകതകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

1-16 ഭീമമായ തുകകൾ നികുതിയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു

2021-22 വാർഷികധനകാര്യപത്രിക പ്രകാരം നികുതി വരവുകളിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവിനം | കുടിശ്ശിക തുക |
|---|---|---|
| 1 | വസ്തുനികുതി | 26019752 |
| 2 | തൊഴിൽ നികുതി | 533364 |
| 3 | പരസ്യനികുതി | 96720 |

നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/16.02.2023) ക്യാമ്പ് കളക്ഷൻ, റവന്യൂ റിക്കവറി ഉൾപ്പെടെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി -ഈടാക്കിയില്ല.

1) 2021-22 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അക്ഷയ കേന്ദ്രങ്ങൾ/ജനസേവന കേന്ദ്രങ്ങൾ | 1,2 |
| 2 | വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ (വൈക്കം ടൗൺവല്ലകം,ഉദയനാപുരം,മടിയത്തുറ) | 1,2 |
| 3 | ഖാദി ഓഫീസ്,ഉദയനാപുരം | 1,2 |
| 4 | സബ് ട്രഷറി,വൈക്കം | 1,2 |
| 5 | സപ്ലൈ ഓഫീസ്,വൈക്കം | 1,2 |
| 6 | താലൂക്ക് വ്യവസായ ഓഫീസ് ,വൈക്കം | 1,2 |
| 7 | ഗവ.എംപ്ലോയീസ് സർവ്വീസ് സഹകരണ സൊസൈറ്റി | 1,2 |
| 8 | കേരള വാട്ടർ അതോറിട്ടി ,വൈക്കം ഓഫീസ് | 1,2 |
| 9 | വില്ലേജ് ഓഫീസ് വൈക്കം,ഉദയനാപുരം | 1,2 |
| 10 | ഇൻഡ്യൻ ബാങ്ക്,വൈക്കം | 1,2 |
| 11 | ജലഗതാഗത വകുപ്പ്,വൈക്കം | 1,2 |

| | | |
|---|---|---|
| 12 | ട്രേഡേർസ് കോപ്പറേറ്റീവ് സൊസൈറ്റി, വൈക്കം | 1,2 |
| 13 | കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് വൈക്കം | 1,2 |
| 14 | വൈക്കം താലൂക്ക് കോ ഓപ്പറേറ്റീവ് അഗ്രി റൂറൽ ഡെവലപ്മെന്റ് ബാങ്ക് | 1,2 |
| 15 | റേഷൻ കടകൾ | 1,2 |
| 16 | ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ വൈക്കം | 1,2 |
| 17 | ഉജ്ജീവൻ ഫിനാൻസ് വൈക്കം | 1,2 |
| 18 | അസി.എഡ്യൂക്കേഷണൽ ഓഫീസ് വൈക്കം | 1,2 |
| 19 | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ വൈക്കം | 1,2 |
| 20 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് വൈക്കം | 1,2 |

കൂടാതെ നഗരസഭയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വൈക്കം സർവ്വീസ് സഹകരണ ബാങ്ക് | 1,2 |
| 2 | ഉജ്ജീവൻ ഫിനാൻസ് വൈക്കം | 1,2 |
| 3 | ഇൻഡ്യൻ ബാങ്ക്,വൈക്കം | 1,2 |
| 4 | ഐ സി ഐ സി ഐ ബാങ്ക് വൈക്കം | 1,2 |
| 5. | ഫെഡറൽ ബാങ്ക് വൈക്കം | 1,2 |
| 6. | എസ് ബി ഐ വൈക്കം | 1,2 |
| 7. | കേരള ബാങ്ക് വൈക്കം | 1,2 |
| 8. | കെ എസ് എഫ് ഇ വൈക്കം | 1,2 |
| 9. | കാനറ ബാങ്ക് വൈക്കം | 1,2 |
| 10. | സൗത്ത് ഇൻഡ്യൻ ബാങ്ക് വൈക്കം | 1,2 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/16.02.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ളത് ലക്ഷങ്ങൾ

വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 125 മുറികളിൽ താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു.

| ക്രമ | മുറി | കുത്തകക്കാരൻ | മാസ | രജിസ്റ്റർ പ്രകാരം 21-22 വർഷം |
|---|---|---|---|---|

| നമ്പർ | | | വാടക | ഈടാക്കേണ്ടിയിരുന്ന തുക(*) | ഈടാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | കച്ചേരി കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നം-1(A) | ചന്ദ്രശേഖരൻ നായർ | 1070 | 11770 | 0 | 11770 |
| 2 | കച്ചേരി കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 17 | യു ഉലഹന്നാൻ | 1709 | 18799 | 0 | 18799 |
| 3 | കച്ചേരി കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21 | ധന്യ സി | 48134 | 529474 | 0 | 529474 |
| 4 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 1 | സീന ഷാജി | 1353 | 14883 | 0 | 14883 |
| 5 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 2 | പി.എസ് ശശി | 1226 | 13486 | 0 | 13486 |
| 6 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 3 | കെ വി ഷാജി | 1191 | 13101 | 0 | 13101 |
| 7 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 4 | സെക്രട്ടറി, കോട്ടയം ജില്ലാ മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 270 | 2970 | 0 | 2970 |
| 8 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 5 | സെക്രട്ടറി എ.ഐ.ടിയു.സി | 270 | 2970 | 0 | 2970 |
| 9 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 1 | സീന ഷാജി | 5775 | 63525 | 0 | 63525 |
| 10 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 2 | ജിജിമോൾ പി ആർ | 551 | 6061 | 0 | 6061 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 3 | ചന്ദ്ര ബോസ് | 898 | 9878 | 0 | 9878 |
| 12 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 4 | അജി മോൻ | 1663 | 18293 | 0 | 18293 |
| 13 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 7 | മാനേജർ KPBOA | 386 | 4246 | 0 | 4246 |
| 14 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 9 | ഗൗരി കൊച്ചനിയൻ | 638 | 7018 | 0 | 7018 |
| 15 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 10 | കേശവൻ | 2333 | 25663 | 18664 | 18664 |
| 16 | ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം 2 | ജോയിന്റ് ആർ.ടി.ഓ | 13703 | 150733 | 27406 | 123327 |
| 17 | ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം 4 | ജി ടെക് കമ്പ്യൂട്ടർ | 31180 | 342980 | 0 | 342980 |
| 18 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 1 | അനിൽ കുമാർ | 1101 | 12111 | 0 | 12111 |
| 19 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 2 | എം.സി പുരുഷോത്തമൻ | 1408 | 15488 | 0 | 15488 |
| 20 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 4 | പി.രാജൻ | 1180 | 12980 | 0 | 12980 |
| 21 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 5 | മുഹമ്മദ് നിസ്സാർ | 1101 | 12111 | 0 | 12111 |
| 22 | ദളവാകുളം ബസ് ടെർമിനൽ റൂം | പ്രസിഡന്റ്, KDPBOA | 422 | 4642 | 0 | 4642 |

| | | | | | | |
|---|---|---|---|---|---|---|
| | നം- 6 | | | | | |
| 23 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 7 | എം.ഡി പ്രസാദ് | 1470 | 16170 | 0 | 16170 |
| 24 | ദളവാകുളം ബസ് ടെർമിനൽ റൂം നം- 8 | കെ.എസ് ബാബു | 671 | 7381 | 0 | 7381 |
| 25 | കോവിലകത്തും കടവ് റൂം നം-1 | ഉൾനാടൻ മത്സ്യ തൊഴിലാളി സഹകരണ സംഘം | 985 | 10835 | 0 | 10835 |
| 26 | കോവിലകത്തും കടവ് റൂം നം-1 | ഹെഡ് ലോഡ് ആന്റ് ജനറൽ മസ്ദൂർ സംഘം | 985 | 10835 | 0 | 10835 |
| 27 | കോവിലകത്തും കടവ് റൂം നം-1 | ഐ.എൻ.ടി.യു.സി | 985 | 10835 | 0 | 10835 |
| 28 | കോവിലകത്തും കടവ് റൂം നം-1 | ഗിരീഷ് കെ | 11025 | 121275 | 0 | 121275 |
| 29 | ന്യൂ മാർക്കറ്റ് കോംപ്ലക്സ് റൂം നമ്പർ-1 | ജലജ സുരേന്ദ്രൻ | 3150 | 34650 | 0 | 34650 |
| 30 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 3 | ജനാർദ്ദനൻ | 3884 | 42724 | 0 | 42724 |
| 31 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 7 | പ്രിൻസ് കറുത്തേടൻ | 4695 | 51645 | 0 | 51645 |
| 32 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 8 | മോനിഷ കെ എം | 3821 | 42031 | 0 | 42031 |
| 33 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 11 | എ. അനിൽ കുമാർ | 3821 | 42031 | 0 | 42031 |
| 34 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം | ലക്ഷ്മിക്കുട്ടിയമ്മ | 3821 | 42031 | 0 | 42031 |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ- 12 | | | | | |
| 35 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 19 | ലെനിൻ സി പി | 3821 | 42031 | 0 | 42031 |
| 36 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 1 | അഖിൽ ഓമനക്കുട്ടൻ | 5166 | 56826 | 0 | 56826 |
| 37 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 2 | ബെന്നി ജോസ് | 4136 | 45496 | 0 | 45496 |
| 38 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 3 | സി അജയകുമാർ | 5166 | 56826 | 0 | 56826 |
| 39 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 4 | പി വി ബാബു | 5227 | 57497 | 0 | 57497 |
| 40 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 5 | പി ആർ കുമാരൻ | 3039 | 33429 | 0 | 33429 |
| 41 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം | പി രാജൻ | 4631 | 50941 | 0 | 50941 |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ- 10 | | | | | |
| 42 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 11 | ജൻ ജീവൻ സേവാ കേന്ദ്രം | 4410 | 48510 | 0 | 48510 |
| 43 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 13 | രാജേഷ് ആർ | 4410 | 48510 | 0 | 48510 |
| 44 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 14 | ജ്യോതി കെ എസ് | 4410 | 48510 | 0 | 48510 |
| 45 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 18 | ബൈജു കെ പി | 3939 | 43329 | 0 | 43329 |
| 46 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 35 | മനോജ് ടി | 4410 | 48510 | 13230 | 35280 |
| 47 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 36 | പ്രസിഡന്റ്, പ്രസ് ക്ലബ് | 1475 | 16225 | 0 | 16225 |
| 48 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 37 | രമ്യ മനീഷ് | 4055 | 44605 | 0 | 44605 |
| 49 | മുനിസിപ്പൽ | സോമൻ എൻ | 3939 | 43329 | 0 | 43329 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 38 | | | | | |
| 50 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 39 | സൗമ്യ വിനോദ് | 4055 | 44605 | 0 | 44605 |
| 51 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 40 | ധന്യ ശ്രീനി | 4136 | 45496 | 0 | 45496 |
| 52 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 44 | സുരേഷ് കുമാർ | 4548 | 50028 | 0 | 50028 |
| 53 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 45 | സൽജുമോൻ | 4136 | 45496 | 0 | 45496 |
| | ആകെ | | | | | 2548189 |

(*) രജിസ്റ്റർ പ്രകാരം 2021 മെയ് മാസത്തെ വാടക കുത്തകക്കാരിൽ നിന്ന് ഡിമാന്റ് ചെയ്തിട്ടില്ല- കോവിഡ്19 ഇളവ് .

വാടക കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 125 മുറികളിൽ 53 മുറികളുടെയും കുത്തകക്കാർ വാടക ഒടുക്കുന്നില്ലയെന്നത് ഗുരുതരമായ സാഹചര്യമാണ്. കൂടാതെ വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ 2548189 രൂപയാണ് കുടിശ്ശികയുള്ളതെങ്കിലും 2021-22 ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂൾ പ്രകാരം 1,469,365 രൂപ മാത്രമാണ് ലഭ്യമാക്കാനുള്ളതായി കാണിച്ചിരിക്കുന്നത്. ഇപ്രകാരം വാടക കുടിശ്ശിക തുക ബാലൻസ് ഷീറ്റിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ Rent Receivables From Buildings(Arrears) എന്ന ശീർഷകത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന 2103279 രൂപയുടെ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 36/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സഹിതം വാടക ഈടാക്കി

വിവരമറിയിക്കേണ്ടതാണ്.

1-19 ലേലം ചെയ്യാത്ത കടമുറികൾ/ആസ്തികൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ/ആസ്തികൾ 2021-22 വർഷം ലേലം ചെയ്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ്/റസ്റ്റ് ഹൗസ്- റൂം നമ്പർ 10

2) മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കോംപ്ളക്സ്-റൂം നമ്പർ 6,7,8,12,17,19,20, 21,22,23,27,28,29,30,31,32,34,42.

3) മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം

4) ബസ് സ്റ്റാന്റ് ഫീസ് പിരിവ്

5) നഗരസഭ വക വാഴമനയിലുള്ള സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റിന് ഫീസ്.

6) മുനിസിപ്പൽ ടൗൺഹാൾ.

7) സത്യഗ്രഹ സ്മാരകത്തിലെ 3 മുറികൾ.

8) മുനിസിപ്പൽ പാർക്ക്, ബീച്ച് എൻട്രി ഫീസ്.

9) ഗ്യാസ് ക്രിമിറ്റോറിയം ലേലം

10) കോവിലകത്തും കടവ് ഐസ് പ്ലാന്റ് ലേലം

മേൽ സൂചിത ആസ്തികളിൽ നിന്ന് ലേലം/വാടകയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കി തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സൂചിത ആസ്തികൾ സമയബന്ധിതമായി ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭാവിയിൽ നഗരസഭയുടെ ആസ്തികൾ ഒഴിഞ്ഞ് കിടക്കുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-20 കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് കുത്തക ലേലം- കുടിശ്ശിക പൂർണ്ണമായി ഈടാക്കിയിട്ടില്ല.

വൈക്കം നഗരസഭയുടെ കുത്തക ലേല രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് കുത്തക 200000 രൂപയ്ക്ക് ഏറ്റെടുത്ത വിദ്യാധരൻ മാനശ്ശേരിൽ എന്ന വ്യക്തി നാളിതു വരെ 192167 രൂപ മാത്രമാണ് ഒടുക്കിയിരിക്കുന്നത്. ബാക്കി തുക (7833 രൂപ) അടയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനും പ്രസ്തുത ലേലം സംബന്ധിച്ച ഫയലുകളും പരിശോധനക്ക് ഹാജരാക്കേണ്ടതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/16.02.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-21 വാർഷിക കണക്കുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ Rent Receivable From Civic Amenities (Current), Rent Receivable From Civic Amenities (Arrears) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 348929, 2460211 എന്നീ തുകകൾ ലഭിക്കാനുള്ളതായും ആർ പി- 5 ഷെഡ്യൂളിലെ Receipts From Auction Of Obsolete Assets എന്ന ശീർഷകത്തിൽ 128262 രൂപ വരവ് വന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/16.02.22) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത രേഖപ്പെടുത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-22 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ക്രമവിരുദ്ധം

നഗരസഭയുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടെ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വ്യക്തിയുടെ പേര് |
|---|---|---|
| 1 | കച്ചേരി കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 17 | യു ഉലഹന്നാൻ |
| 2 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 1 | സീന ഷാജി |
| 3 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 2 | ജിജിമോൾ പി ആർ |
| 4 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നം - 4 | അജി മോൻ |

2.നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷങ്ങളിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | അക്വേറിയം,മത്സ്യഫെഡ്, വൈക്കം |
| 2 | വിവിധ ക്ഷീരോത്പാദന സഹകരണസംഘങ്ങൾ |
| 3 | കള്ളുഷാപ്പുകൾ |
| 4 | റേഷൻ കടകൾ |
| 5 | ലോഡ്ജുകൾ / ഹോംസ്റ്റേ |

### 3.സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 86, 187 എന്നിവ പ്രകാരവും 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ വൈക്കം നഗരസഭാ പരിധിയിൽ, 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ |
| 2 | എടയന്ത്രത്ത് കിഡ്സ് & ഫാമിലി ദന്തൽ |

| | |
|---|---|
| | ക്ലിനിക് |

ചട്ടപ്രകാരമുള്ള ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (49,50/20.02.2023) മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ്/പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നിയമനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതായി കാണുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ആയത് നഗരസഭയുടെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2021-22 വർഷം ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ നഗരസഭയക്ക് തിരികെ ലഭിച്ചിരുന്നില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചെങ്കിലും മാപ്പിങ്ങ് നടത്തിയിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. നഗരസഭ ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചെങ്കിലും മാപ്പിങ്ങ് നടത്താത്തതിനാൽ തുക അക്കൗണ്ടിൽ വരവുവെയ്ക്കുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് നഗരസഭയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ലൈബ്രറിയിലേക്ക് ആനുകാലികങ്ങൾ - വൗച്ചറുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 4/22 |
| ചെലവ്, ഫണ്ടിനം | 3220/-<br>വികസനഫണ്ട് (ജനറൽ)<br>70107/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ , തീയതി | 359/29.3.22 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മുനിസിപ്പൽ ലൈബ്രറിയിലേക്ക് ആനുകാലികങ്ങൾ വാങ്ങിയതിന് മേൽ സൂചിത ബില്ല് പ്രകാരം 20107/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/14.02.2023) മുൻകൂർ പേയ്മെന്റ് നടത്തിയതാണെന്നും വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വൗച്ചറുകൾ ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 20107/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പ്രൊക്യൂർമെന്റ് മാനുവൽ പാലിക്കാതെ ലാബ് ഉപകരണങ്ങൾ സർക്കാർ അക്രഡിറ്റഡ് ഏജൻസിയിൽ നിന്ന് വാങ്ങി.

| | |
|---|---|
| പ്രോജക്ട് നം. | 147/22 വൈക്കം ബോയ്സ് ഹയർസെക്കന്ററി സ്കൂളിന് ലാബ് ഉപകരണങ്ങൾ (ഫിസിക്സ് &കെമിസ്ട്രി) |
| ഫണ്ട് | റോഡിതരം |
| ചെലവ് | 98972/- |
| ഇൻവോയിസ് നം | KTM *21-22*/132/27.03.22 |
| ബിൽനം | 6/21-22/30.03.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച് എം ഗവൺമെന്റ് ടൗൺ എൽ പി എസ് |

മേൽ പ്രോജക്ട് പ്രകാരം വൈക്കം ബോയ്സ് ഹയർസെക്കന്ററി സ്കൂളിന് ലാബ് ഉപകരണങ്ങൾ (ഫിസിക്സ് &കെമിസ്ട്രി) സിഡ്കോ, കോട്ടയത്ത് നിന്ന് വാങ്ങി നൽകിയിട്ടുണ്ട്. ജി ഒ (ആർ.ടി) നം 26/2015/എസ് പി ഡി 28.5.2015 നമ്പർ ഉത്തരവ് പ്രകാരം സിഡ്കോ നിർമ്മിക്കുന്ന (മരം, സ്റ്റീൽ ഫർണ്ണിച്ചർ) ആശുപത്രി ഫർണ്ണിച്ചർ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. ലാബ് ഉപകരണങ്ങൾ സർക്കാർ അക്രഡിറ്റ് ഏജൻസികളിൽനിന്ന് സിംഗിൾ ടെണ്ടർ പ്രകാരം വാങ്ങുന്നതിനുള്ള ഉത്തരവ് അല്ലങ്കിൽ ഉപകരണങ്ങൾ സിഡ്കോ നിർമ്മിച്ച് വിതരണം ചെയ്യുന്നതാണന്ന ഉറപ്പാക്കുന്ന രേഖകൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (4/13.02.23) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ലാബ് ഉപകരണങ്ങൾ അത്യാവശ്യമായതിനാൽ ആണ് വാങ്ങിയതെന്ന് അറിയിച്ചു. തുടർ വർഷങ്ങളിൽ പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം സ.ഉ (പി) നം. 259/2010/തസ്വഭവ 08.11.2010 ലെ പ്രോക്യൂർമെന്റ് മാനുവൽ നിർദ്ദേശ പ്രകാരമായിരിക്കണം വാങ്ങലുകൾ നടത്തേണ്ടത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലാബ് ഉപകരണങ്ങൾ |
|---|---|
| 1 | Thermometer (Wet&Dry) -1 |
| 2 | Rain Gauge-1 |
| 3 | Thermometer (Maximum Minium Pagoda Type-1 Mounted On Plastic Sheet Withmagnet) |
| 4 | Electronic Balance 10mg (300g Capacity)-1 |
| 5 | Electronic Balance 10mg (200g Capacity)-1 |
| 6 | Analityical Balance-1 |
| 7 | Beaker-5 |
| 8 | Vernier Calipers-5 |
| 9 | Micrometer (Screw Gauge Pitch 1mm)-5 |
| 10 | Micrometer (Screw Gauge Pitch 1/2mm-5 |
| 11 | Lamp Box-2 |
| 12 | LENSE (Convex Lense10cm)-5 |
| 13 | Slotted Weight50cmx5-1 |
| 14 | Spring Constanant Apparatus-10 |
| 15 | Pendulam(Simple Pendulam)-1 |
| 16 | Sonometer-2 |
| 17 | Model Human Heart-1 |
| 18 | Model Human Brain-1 |
| 19 | Model Human Lungs-1 |
| 20 | Model Human Eye-1 |
| 21 | Model Human Ear-1 |
| 22 | Model Human Kidney-1 |
| 23 | Permanent Slides (Bastula) |
| 24 | Induction Coil-1 |
| 25 | Electronic Balance 10mg-1 |

1-26 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ക്ഷീരകർഷകർ അളക്കുന്ന പാലിനു ഇൻസെന്റീവ് 87/21-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ്, ഫണ്ടിനം | 600,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 299/23.03.22 – 434259/-<br>300/23.03.22 - 165741/- |

നഗരസഭയിലെ വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് മാസാടിസ്ഥാനത്തിലുള്ള

പാൽ അളവിന ആനുപാതികമായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി ക്ഷീരസംഘങ്ങൾ മുഖേന നൽകുന്നതിനാണ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുള്ളത്. ക്ഷീരസംഘം സെക്രട്ടറി ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. എന്നാൽ ചില ഗുണഭോക്താക്കളുടെ സബ്സിഡി തുക ക്ഷീരസംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിൽ നിന്നും വ്യത്യസ്തമായ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീരകർഷകൻ | സബ്സിഡി തുക | ക്ഷീരസംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് | സബ്സിഡി ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് |
|---|---|---|---|---|
| 1 | എം വി കുമാരൻ | 3952/- | 6990207027 | 10960100097586 |
| 2 | ബാബു വി | 16813/- | 6901629181 | 20153494846 |
| 3 | ചന്ദ്രൻ കെ | 5125/- | 6925284998 | 10960100067548 |
| 4 | ശ്രീകുമാരി | 13362/- | 6831882267 | 7498009600000047 |
| 5 | വേണുഗോപാൽ | 8142/- | 6904336099 | 67279749330 |
| 6 | രാജമ്മ | 896/- | 6904283273. | 109060100122392 |
| 7 | കുര്യൻ ജോൺ | 5089/- | 10960100111163 | 553702010009745 |
| 8 | മോഹൻ ജി | 2162/- | 553702010014991 | 67252613069 |
| 9 | നീലകണ്ഠൻ | 1785/- | 55370201000094 | 553702010000628 |
| 10 | ശാന്ത റ്റി കെ | 2121/- | 553702120000223 | 67063315896 |
| | ആകെ | 59,447/- | | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (32/16.02.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി തുക എത്തിയെന്ന് വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതുവരെ സബ്സിഡി ഇനത്തിൽ ചെലവഴിച്ച 600000/-രൂപയിൽ 59,447/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ശ്മശാന നവീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 151/22, |
| ചെലവ്, ഫണ്ടിനം | 7486051/-<br>വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നമ്പർ, തീയതി | 38/22.9.21 = 75264/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി, ഡി.സി.സി ചെലവുകൾക്കായി രൂപീകരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി നഗരസഭയുടെ ശ്മശാനം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. Techno Rigas Enterprises, കോട്ടയം എന്ന സ്ഥാപനത്തിന് ബിൽ നം. 38/22.09.21 മേൽ സൂചിത ബിൽ പ്രകാരം 75264/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) Techno Rigas Enterprises , കോട്ടയം എന്ന സ്ഥാപനത്തെ നിർവ്വഹണത്തിനായി കണ്ടെത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല.

2) സ്ഥാപനം സമർപ്പിച്ചിരിക്കുന്ന ബിൽ പ്രകാരം 90000/- രൂപയാണ് ഡിമാന്റ് ചെയ്തിരുന്നത്. ആയത്

75,264 /- രൂപയായി കുറയാൻ കാരണം വ്യക്തമല്ല.

3) Techno Rigas Enterprises, കോട്ടയം എന്ന സ്ഥാപനത്തെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയ കമ്മറ്റി തീരുമാനം ലഭ്യമായില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/19.02.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 75264/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തെരുവു വിളക്കുകളുടെ കറന്റ് ചാർജ് - ഭീമമായ തുക കുടിശ്ശിക അടയ്ക്കാൻ ബാക്കി നിൽക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 358/22 |
| ചെലവ്, ഫണ്ടിനം | 500000/- |
| ബിൽ നമ്പർ, തീയതി | 221/24.2.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വൈക്കം നഗരസഭയിലെ തെരുവു വിളക്കുകളുടെ കറന്റ് ചാർജ് അടവാക്കുന്നതിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. കുടിശ്ശിക തുകയായ 68,42,564 /-രൂപ ഒടുക്കാത്തതിനാൽ കെ.എസ്.ഇ.ബി റവന്യൂ റിക്കവറി നടപടികളിലേക്ക് നീങ്ങുകയും വൈക്കം താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ 7.2.22 ന് റിക്കവറി നോട്ടീസ് നൽകുകയും ചെയ്തു. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയെ റവന്യൂ റിക്കവറിയിൽ നിന്ന് ഒഴിവാക്കാനും തുക അടവാക്കാൻ സാവകാശം തേടിയും നഗരസഭാ സെക്രട്ടറി ഗവ.സെക്രട്ടറിക്ക് 15.2.22 ന് കത്ത് നൽകുകയുണ്ടായി ( കത്ത് നമ്പർ R4 17521/16).

23.3.22 ന് റവന്യൂ (എസ്) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 2022/483/05/1/S1/(Rev) നമ്പർ കത്ത് പ്രകാരം കുടിശ്ശിക തുകയുടെ 20% (1300722/-) (മുതൽ + പലിശ + കളക്ഷൻ ചാർജ് + മറ്റ് ചാർജുകൾ ) 23.3.22 മുതൽ 25 ദിവസത്തിനകം അടയ്ക്കാനും ബാക്കി തുക 19.4.22 മുതൽ 24 തുല്യ പ്രതിമാസ തവണകളായി അടയ്ക്കുവാനും ജില്ലാ കളക്ടർ മുഖാന്തിരം അനുവാദം നൽകി. നിശ്ചിത തീയതികളിൽ തുക ഒടുക്കിയില്ലെങ്കിൽ ഈ ഉത്തരവ് റദ്ദാകുമെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുക അടവാക്കാൻ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/19.02.2023) വിവിധ കൺസ്യൂമർ നമ്പരിലുള്ള 8 റവന്യൂ റിക്കവറി നോട്ടീസുകളുടെ തുകയായ 527071/- രൂപയും ഡിമാന്റ് നോട്ടീസ് ചാർജായ 27714/- രൂപയും ചേർത്ത് 554785/- രൂപ 17.5.22 ന് അടവാക്കിയെന്ന് മറുപടി ലഭ്യമാക്കി. 1146435000891 എന്ന കൺസ്യൂമർ നമ്പരിന് 6339742/- രൂപ കുടിശ്ശികയുണ്ടെന്നും ആയതിൽ 500000/- രൂപ പ്രോജക്ട് പ്രകാരം അടവാക്കിയെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. 274369/- രൂപയും കളക്ഷൻ ചാർജുമുൾപ്പെടെ 294947/- രൂപ പ്രതിമാസം അടയ്ക്കുന്നുണ്ടെന്നും നിലവിൽ ആറ് തവണ അടച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. യഥാസമയം ബിൽ തുകകൾ അടയ്ക്കാത്തതിനാലാണ് റവന്യൂ റിക്കവറിയിലേക്ക് നയിച്ചതും ഭീമമായ തുക പ്രതിമാസം കളക്ഷൻ ചാർജായി അടയ്ക്കേണ്ടിവരുന്നതും. റവന്യൂ റിക്കവറി പ്രകാരമുള്ള കുടിശ്ശിക തുക പൂർണ്ണമായി അടവാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്.

## 1-29 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക കുടിശ്ശിക അടയ്ക്കാൻ ബാക്കി നിൽക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 374/22 |
| ചെലവ്, ഫണ്ടിനം | 665582/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയതി | 329/26.3.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വൈക്കം നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിൽ വലിയ കുടിശ്ശിക നിലനിൽക്കുന്നു. 3/22 ലെ ബിൽ പ്രകാരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത വെള്ളക്കരത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ | 61339/8.3.22<br>405 ടാപ്പുകൾ |
| പ്രാരംഭബാക്കി | 15,35,75,768 |
| ഫൈൻ | 30,12,531 |
| 3/22 ലെ ബിൽ | 279383 |
| ആകെ | 156867682 |
| ബാലൻസ് | 156867682 |

വെള്ളക്കരം അടവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) വൈക്കം നഗരസഭയിലെ 395 പൊതുടാപ്പുകളുടെ ലിസ്റ്റ് പരിശോധിച്ച് നിലനിർത്തേണ്ടവയുടെ വിവരങ്ങൾ ലഭ്യമാക്കാൻ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4.3.20 ൽ അറിയിച്ചിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഫയൽ നമ്പർ R4/(E1)/9385/03). എന്നാൽ വാട്ടർ അതോറിറ്റി ബില്ലിൽ ഡിമാന്റ് ചെയ്യുന്നത് 405 ടാപ്പുകളാണ്.

2) പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടും സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46/19.02.2023) മറുപടി ലഭ്യമായില്ല. കുടിശ്ശിക തുക അടവാക്കാനും സംയുക്ത പരിശോധന നടത്താനും സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-30 മുനിസിപ്പൽ ഓഫീസ് നവീകരണം പൂർത്തീകരണം- ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 275/22 |
| അടങ്കൽ | 545859(വികസനഫണ്ട്പൊതുവിഭാഗം)<br>454141 (ധനകാര്യകമ്മീഷൻ അവാർഡ്)<br>------------<br>1000000 |
| ചെലവ് | 545859(വികസനഫണ്ട്പൊതുവിഭാഗം)<br>406603 (ധനകാര്യകമ്മീഷൻ അവാർഡ്)<br>---------<br>952462 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

മുനിസിപ്പൽ ഓഫീസ് നവീകരണം-പൂർത്തീകരണം എന്ന പ്രോജക്ടിന്റെ സിവിൽ വർക്കുകൾക്കായുള്ള 750000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷനുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഓഫീസ് ഇലക്ട്രിഫിക്കേഷൻ നടത്തിയതിന്റെ വകയിൽ DLTCE മെമ്പർ ശ്രീ പി എൻ നാരായണൻ തയ്യാറാക്കിയ വാല്യുവേഷൻ തുകയായ 158567 രൂപയുടെ

അടിസ്ഥാനത്തിൽ നിയമാനുസൃത റിക്കവറികൾ കുറവ് ചെയ്ത് ശ്രീ. മഹേഷ് ആർ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് 150869 രൂപയും ശ്രീ പി എൻ നാരായണന് 4618 രൂപയും ടി പ്രോജക്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട് (ബിൽ നമ്പർ 165/29.12.2021 തുക 158567).

എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടില്ല. ടെണ്ടർ ക്ഷണിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത് എന്നു കാണുന്നു. മരാമത്ത് സ്വഭാവമുള്ള ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും അളവ് രേഖപ്പെടുത്താതെയും തുക ചെലവഴിക്കുകയാണ് ചെയ്തത്. കൂടാതെ DLTCE മെമ്പർ ശ്രീ പി എൻ നാരായണന് 4618 രൂപ നല്കിയതിന്റെ അടിസ്ഥാനവും വ്യക്തമല്ല. അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 51/20.02.23) 30/01/2021ലെ കൗൺസിൽ പ്രകാരമാണ് വാല്യുവേഷൻ തുക അനുവദിച്ചതെന്നും നിയമപ്രകാരം അനുവദിക്കേണ്ട തുകയാണ് ശ്രീ. പി എൻ നാരായണന് അനുവദിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവ് നം.2878/2015 /എൽ.എസ്.ജി.ഡി. തീയതി 22.9.2015 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വർക്ക് സൂപ്പർവിഷനും മെഷർമെന്റിനും ബിൽ തയ്യാറാക്കുന്നതിനുമാണ് 3% നിരക്കിൽ തുക നൽകാവുന്നത്. ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അളവുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ പൊതുമരാമത്ത് മാന്വലിനും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായുള്ള 158567 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/22 |
| ചെലവ്, ഫണ്ടിനം | 507502/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ , തീയതി | 62/21-22 , 15.11.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം അടവാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രോജക്ടിൽ മേൽ സൂചിത ബില്ല് പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക അടവാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കൺസ്യൂമർ നമ്പർ | അടവാക്കിയ തുക |
|---|---|---|---|
| 1 | ഗവ. WLPS പോളശ്ശേരി | WMC/2247/N | 51337 |
| 2 | ഗവ.ഗേൾസ് ഹൈസ്കൂൾ വൈക്കം | WMC/4/N | 22893 |
| 3 | ടൗൺ എൽ.പി.എസ് വൈക്കം | WMC/521/N | 17092 |
| | | ആകെ | 91322 |

ഇപ്രകാരം തുക അടവാക്കേണ്ടിവന്ന സാഹചര്യം വിശദീകരിക്കപ്പെട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് ലെറ്ററിൽ പ്രതിമാസം അടയ്ക്കേണ്ട തുക, കുടിശ്ശിക തുക, ഫൈൻ എന്നിവ രേഖപ്പെടുത്താതെ തുക മാത്രം ഡിമാന്റ് ചെയ്തിരിക്കുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/14.02.2023)

മേൽ സ്ഥാപനങ്ങൾ തുക അടവാക്കിയ ശേഷം ഒരുമിച്ച് ബില്ലുകൾ നൽകിയതാണെന്നും വിശദമായ മറുപടി ഫയൽ പരിശോധിച്ച് പിന്നീട് ലഭ്യമാക്കാമെന്നും അറിയിച്ചു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 91322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 വഴിവിളക്കുകളുടെ മെയിന്റനൻസ് - ലൈസൻസ് ഇല്ലാത്ത കരാറുകാരന് നിർവ്വഹണചുമതല നൽകി

| | |
|---|---|
| പ്രോജക്ട് നം. | 261/22 |
| അടങ്കൽ | 152552,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 152552 |
| ബിൽ നമ്പർ | 215/23.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

നഗരസഭ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള എല്ലാത്തരത്തിലുമുള്ള തെരുവുവിളക്കുകളും മെയിന്റനൻസ് ചെയ്യുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്/പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിംഗ് /കെ എസ് ഇ ബി യുടെ എൻ ഒ സി/ലൈസൻസ് ഉള്ള വ്യക്തികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുകയും (ദർഘാസ് പരസ്യം E3 246/21 2/01/2021) കുറഞ്ഞ നിരക്ക് സമർപ്പിച്ച ശ്രീ. K R പ്രസന്നന്റെ ടെണ്ടർ അംഗീകരിക്കുകയും (150 രൂപ നിരക്കിൽ) നിർവ്വഹണചുമതല ഏൽപ്പിക്കുകയും ചെയ്തു. മേൽ പ്രോജക്ട് നിർവ്വഹിച്ചതിന് 3201 രൂപ ആദായനികുതി കിഴിവ് ചെയ്ത് 149351 രൂപ ടിയാളുടെ 4464010000952 നമ്പർ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു

1.രണ്ടു കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചത്. ഇതിൽ ശ്രീ. കെ.ആർ. പ്രസന്നന്റെ ടെണ്ടർ പരിശോധിച്ചതിൽ ടിയാന്റെ പേരിലുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസിനു പകരം മഹേഷ് ആർ എന്ന വ്യക്തിയുടെ ലൈസൻസിന്റെ പകർപ്പാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ടിയാന്റെ ലൈസൻസ് ഉള്ളടക്കം ചെയ്തിട്ടില്ല. ലൈസൻസ് ഇല്ലാത്ത കരാറുകരനെയാണ് നഗരസഭ നിർവ്വഹണം ഏൽപ്പിച്ചത്.

2. കരാറുകാരന് സമാന സ്വഭാവമുള്ള പ്രവൃത്തികളിൽ ചുരുങ്ങിയത് 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണെന്ന് ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരന്റെ പ്രവൃത്തി പരിചയം ഉറപ്പാക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

3.കരാറുകാരനുമായി ഏർപ്പെട്ട കരാർ ഫയലിൽ ഇല്ല.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 42/17.02.2023) ശ്രീ പ്രസന്നന്റെ ടെണ്ടറാണ് നഗരസഭ അംഗീകരിച്ചതെന്നും പദ്ധതി നടത്തിപ്പിലെ പരിചയക്കുറവ് മൂലമാണ് അപാകത സംഭവിച്ചതെന്നും മറുപടി ലഭ്യമാക്കി. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായുള്ള 152552/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർപ്യൂരിഫയറുകൾ പ്രവർത്തനക്ഷമമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച് എം ടൗൺ എൽ പി എസ്, |
| പ്രോജക്ടിന്റെ പേര് / നമ്പർ | സ്കൂളുകളിലേക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ<br>277/22 |
| ചെലവ് ,ഫണ്ടിനം | 173,800/-ധനകാര്യകമ്മീഷൻ |

| | |
|---|---|
| | അവാർഡ് |
| ബിൽ നമ്പർ | 5/27.03.22 |

നഗരസഭപരിധിയിലുള്ള 6 സ്കൂളുകൾക്ക് 173800/- രൂപ ചെലവഴിച്ച് 10 വാട്ടർപ്യൂരിഫയർ വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 14.02.23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് വാട്ടർപ്യൂരിഫയർ പ്രവർത്തിക്കുന്നില്ലന്ന് കണ്ടു. ടി പ്യൂരിഫയർ മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടങ്കിൽ വിശദീകരണം ലഭ്യമാക്കാനും ഇതോടൊപ്പം മറ്റു സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള പ്യൂരിഫയർ പ്രവർത്തനക്ഷമമാണന്ന വിവരം കൂടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (32/17.02.23) ലഭിച്ച മറുപടിയിൽ രണ്ടു വാട്ടർ പ്യൂരിഫയറുകളും ഉടൻ പ്രവർത്തനസജ്ജമാക്കുമെന്നും മറ്റു സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളവ പ്രവർത്തനക്ഷമമാണന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. വാട്ടർപ്യൂരിഫയറുകൾ പ്രവർത്തനസജ്ജമാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-34 നഗരസഭാ പരിധിയിലുള്ള അങ്കണവാടികൾ സ്മാർട്ട് അങ്കണവാടിയാക്കൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് | നഗരസഭാ പരിധിയിലുള്ള അങ്കണവാടികൾ സ്മാർട്ട് അങ്കണവാടിയാക്കൽ (125/21-22) |
| ചെലവഴിച്ച തുക,ഫണ്ടിനം | 250111 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നം. | 5/22.03.22 - 250111 |

നഗരസഭാ കൗൺസിലിന്റെ 26.10.21 ലെ 1സി തീരുമാനപ്രകാരം നഗരസഭയിലെ താഴെപ്പറയുന്ന അങ്കണവാടികളെ സ്മാർട്ട് അങ്കണവാടിയാക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നു.

1.അങ്കണവാടി നം.1, ഉദയനാപുരം

2.അങ്കണവാടി നം.18, കരിപ്പുറം

3.അങ്കണവാടി നം 13, ഇണ്ടംതുരുത്ത്

ആർട്ട്കോ കോട്ടയത്തെയാണ് പ്രോജക്ട് നടത്തിപ്പിനായി തിരഞ്ഞെടുത്തത്. അങ്കണവാടി നം.1-ഉദയനാപുരം, അങ്കണവാടി നം. 13-ഇണ്ടംതുരുത്ത് എന്നിവിടങ്ങളിലെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നം.18,കരിപ്പുറം അങ്കണവാടിയിൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച അങ്കണവാടികളുടെ തുക മാത്രമാണ് മേൽ സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (12/14.02.2023, 30/16.02.2023) ലഭ്യമാക്കിയ മറുപടിയിൽ കരിപ്പുറം അങ്കണവാടിയിൽ, പ്രോജക്ടിന്റെ ഭാഗമായ പെയ്ന്റിംഗ് വർക്കിൽ അപാകതയുള്ളതായി വാർഡ് മെംബർ പരാതി നൽകിയതിനെത്തുടർന്ന് വിശദമായ റിപ്പോർട്ട് നൽകുന്നതിന് ഭരണസമിതി മുൻസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി അറിയിച്ചു. മുൻസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് തുക കൈമാറിയാൽ മതിയെന്ന് ഭരണസമിതി നിർദ്ദേശിച്ചതിനാൽ നം 18,കരിപ്പുറം അങ്കണവാടിയിലെ പ്രോജക്ട് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ 125052/- രൂപ നിർവ്വഹണ ഏജൻസിയായ ആർട്ടകോ, കോട്ടയത്തിന് കൈമാറിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തിയിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-35 തെരുവ് വിളക്കുകൾ വാങ്ങൽ/ മെയിന്റനൻസ് - അപാകതകൾ

2021-22 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്കുകളുടെ വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 174/22 |
| അടങ്കൽ | 1000000 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 709998 |

പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ സ്ട്രീറ്റ് ലൈറ്റും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. നഗരസഭാ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

3. ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റു നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5. നഗരസഭയിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

5) ആവശ്യകത നിർണ്ണയിക്കാതെ എല്ലാ സാമ്പത്തികവർഷവും തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി നഗരസഭ പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ ആയവ ഉപയോഗശൂന്യമായിട്ടുണ്ടോ എന്നും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.41/17.02.2023) വാങ്ങിയ ഉപകരണങ്ങൾ വാർഡ് കൗൺസിലർമാർ മുഖാന്തിരം സപ്ലൈ ചെയ്യുകയും ആയത് കരാറുകാരൻ സ്ഥാപിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. തെരുവുവിളക്കുകളുടെ പരിപാലനവും മെയിന്റനൻസുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 3055/ഡി എ3/2011/ തസ്വഭവ തീയതി 15/09/2011 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ആയുർവേദ ആശുപത്രിയിൽ തുമ്പൂർമുഴി സ്ഥാപിക്കൽ -നിർമ്മാണം പൂർത്തീകരിച്ചെങ്കിലും മാലിന്യസംസ്കരണം നടക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 272/22 ആയുർവേദാശുപത്രിയിൽ മാലിന്യസംസ്കരണത്തിനായി തുമ്പൂർമുഴി സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

| | |
|---|---|
| അടങ്കൽ | 104250 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>87500 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>41168(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>----------<br>250000 |
| ചെലവ് | 73679 (ബിൽ നമ്പർ 317/25.03.2022<br>61840 (PPACO 32266842903/ 27.03.22)<br>41168 (PPACO 32266846247/ 27.03.22)<br>-----------<br>176687 |
| കരാറുകാരൻ | P K ഷാജി |

ആയുർവേദാശുപത്രിയിൽ എയറോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഷെഡ്, യൂണിറ്റ് എന്നിവ മേൽ പ്രോജക്ട് പ്രകാരം നിർമ്മിച്ചിട്ടുണ്ട്.



14/02/2023 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കമ്പോസ്റ്റ് യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന് ബോധ്യപ്പെട്ടു. ഇനോക്കുലം ഉപയോഗിച്ച് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തക്ഷമാക്കി ജൈവവളം നിർമ്മിയ്ക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ, ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 43/17.02.2023) പ്രവൃത്തി പൂർത്തിയാക്കി മുനിസിപ്പൽ എഞ്ചിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം സഹിതം തുടർ പരിപാലനം നഗരസഭാ ഹെൽത്ത് വിഭാഗത്തിന് നൽകിയിട്ടുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ മറുപടി ലഭ്യമാക്കി. സ്ഥാപിക്കപ്പെട്ട മാലിന്യസംസ്കരണയൂണിറ്റുകൾ നിശ്ചിത ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ അവ പ്രവർത്തനക്ഷമമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 176687/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കി നിശ്ചിതലക്ഷ്യത്തിനായി

ഉപയോഗപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 പഠനമുറി നിർമ്മാണം -പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-മുനിസിപ്പൽ എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് | 214/22 (എസ്‌ഒ) |
| അടങ്കൽ | 600000 (വികസനഫണ്ട് (എസ്‌സിപി) |
| ചെലവ് | 300000 |

പഠനമുറി നിർമ്മിക്കാൻ മുൻകൂർ തുക കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|
| കാഞ്ചന പ്രകാശൻ, വാർഡ് 26 | 150000 |
| സരള കോനാരിയിൽ | 100000 |

2019-20 വർഷത്തെ പ്രോജക്ട് പ്രകാരം മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താൾ നാളിതു വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|
| തങ്കമ്മ തോട്ടുചിറ | 150000 |
| പൊന്നപ്പൻ, പെരുമ്പിളിയാഴം | 50000 |

നാളിതു വരെ നിർമ്മാണം പൂർത്തിയാക്കാത്ത ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നം.25/16.02.2023) നിർമ്മാണം പൂർത്തിയാക്കാൻ ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. .. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-38 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതികൾപൂർത്തിയായില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി നഗരസഭ ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 229/22 മുനിസിപ്പൽ ഓഫീസിൽ ടോയ്‌ലെറ്റ് യൂണിറ്റ് സ്ഥാപിക്കൽ | 357996 | 357996 |
| 2 | 315/22വൈക്കം ടൗണിൽ പബ്ലിക്ക് | 800000 | 0 |

| | | | |
|---|---|---|---|
| | ടോയ്‌ലെറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം ഫീഡിങ്ങ് റൂം ഉൾപ്പെടെ സ്ഥാപിക്കൽ | | |
| 3 | 364/22 ദളവാക്കുളം ബസ് ബേയിൽ ടോയ്‌ലെറ്റ് യൂണിറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം എന്നിവ സ്ഥാപിക്കൽ | 1400000 | 0 |
| 4 | 373/22 കോവിലകത്തും കടവ് മാർക്കറ്റിൽ ടോയ്‌ലെറ്റ് യൂണിറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം ഫീഡിങ്ങ് റൂം ഉൾപ്പെടെ | 764691 | 0 |

ടേക്ക് എ ബ്രേക്ക് സമുച്ചയം- നഗരസഭ കെട്ടിടത്തിനുള്ളിൽ പ്രവർത്തിക്കുന്നു

നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലെറ്റ് ബ്ലോക്ക് യൂണിറ്റ് നിർമ്മിക്കുന്നതിന് വേണ്ടി 2018-19 വർഷം 750000 രൂപ അടങ്കലിൽ ശുചിത്വ മിഷൻഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയതാണ് 229/22 മുനിസിപ്പൽ ഓഫീസിൽ ടോയ്‌ലെറ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട്. ടി പ്രോജക്ട് തുടർവർഷങ്ങളിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമാക്കിയിരുന്നു. നഗരസഭയ്ക്കുള്ളിൽ പണികഴിപ്പിച്ചിട്ടുള്ള വിശ്രമകേന്ദ്രം റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രയോജനപ്രദമാകേണ്ടതായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.45/17.02.2023) നഗരസഭയുടെ ടോയ്‌ലെറ്റ് ബ്ലോക്ക് ഉപയോഗിക്കാൻ സാധിക്കാത്ത വിധമായിരുന്നുവെന്നും ആയത് നന്നാക്കുവാൻ തനത് ഫണ്ട് കുറവായതിനാൽ സാധിച്ചില്ലായെന്നും ആയതിനു പകരമായാണ് ടേക്ക് എ ബ്രേക്ക് സമുച്ചയം നഗരസഭയിൽ സ്ഥാപിച്ചതെന്നും മറുപടി ലഭ്യമാക്കി.




വൈക്കം ടൗണിൽ പബ്ലിക്ക് ടോയ്‌ലെറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം ഫീഡിങ്ങ് റൂം ഉൾപ്പെടെ സ്ഥാപിക്കൽ എന്ന പ്രോജക്ട് ഏറ്റെടുത്ത കരാറുകാരൻ യഥാസമയം കരാറിലേർപ്പെടാഞ്ഞതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരന്റെ ഇ എം ഡി മുതൽക്കൂട്ടുന്നതിനും 25/08/22ലെ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്നും ദളവാക്കുളം ബസ് ബേയിൽ ടോയ്‌ലെറ്റ് യൂണിറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം, കോവിലകത്തും കടവ് മാർക്കറ്റിൽ ടോയ്‌ലെറ്റ് യൂണിറ്റ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം എന്നിവയുടെ നിർമ്മാണം 2022-23 വർഷം പൂർത്തീകരണ സ്റ്റേജിലാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് നിർമ്മാണം പൂർത്തീകരിച്ച് ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും

പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

1-39 ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തത്. തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 26/16.02.2023) തനത് വരുമാനം കുറവായതിനാലാണ് തുക അടവാക്കാത്തത് എന്ന മറുപടി തൃപ്തികരമല്ല. തനത് ഫണ്ടിൽ അവശേഷിക്കുന്ന ബാരൽ വിലയും ജി എസ് റ്റിയും അതാത് ശീർഷകത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-40 ലൈഫ് ഭവന പദ്ധതി - വിശദാംശങ്ങൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 96/22 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | ലൈഫ് ഭവന പദ്ധതി.<br>വികസനഫണ്ട് ( എസ്.സി.പി) |
| ചെലവ് | 400000/- |
| ബിൽ നമ്പർ , തീയതി | 97/21-22 , 30.3.22 = 280000<br>96/21-22 , 30.3.22 = 120000 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

എസ്.സി വിഭാഗത്തിൽപെടുന്ന 10 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരം 40000 രൂപ വീതം ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് |
|---|---|
| 1 | ഉഷസ് കീഴാംകടവ് |
| 2 | വിജി പി.സി, പ്രായിക്കത്തറ |
| 3 | ചിദംബരൻ , കുമ്പളങ്ങാത്തറ |
| 4 | ബൈജു രവീന്ദ്രൻ, വെൺപറമ്പിൽ |
| 5 | പ്രദീപ് പനന്തറ |
| 6 | സുധീർ എസ്, സുധിഭവൻ |
| 7 | കൗസല്യ, വൈക്കം |
| 8 | ഓമനസുരേന്ദ്രൻ, തെക്കേറ്റ് താഴത്ത് |
| 9 | സുഭാഷ്ചന്ദ്രബോസ് , ഒതളവേലിത്തറ |
| 10 | വിലാസിനി കൊച്ചുമുറിയപ്പടിത്തറ |

മേൽ പരാമർശിത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിവരം ഫയലുകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/14.02.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 4,00,000/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ഉറവിടമാലിന്യസംസ്കരണം-ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കൽ -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ.

വൈക്കം നഗരസഭയുടെ 26 വാർഡുകളിലും ഗാർഹിക മാലിന്യ സംസ്കരണത്തിനായി എല്ലാ വീടുകളിലും ഗവ സ്ഥാപനങ്ങളിലും അങ്കണവാടികളിലും ബക്കറ്റ് കമ്പോസ്റ്റ് എത്തിക്കുന്നതിനായി ആകെ അടങ്കൽ തുകയായി 40,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രോജക്ടിന് 19.08.2020 തീയതിലെ 80898/2020DPC/DPO/നമ്പർ പ്രകാരം ഡി.പി.സി അംഗീകാരവും 22.07.2020 തീയതിലെ 2-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകാരവും ലഭിച്ചിരുന്നു. (2020-21ലെ 450/21നം പ്രോജക്ട്) 1000 രൂപ നിരക്കിൽ 4000 ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനായിരുന്ന പ്രോജക്ട് 2020-21-ൽ വിഭാവനം ചെയ്തിരുന്നത്. പിന്നീട് സ്വച്ഛ ഭാരത് മിഷൻ ഖരമാലിന്യ അർബൻ ഖരമാലിന്യ സംസ്കരണ ഡിപി ആറിൽ ഉൾപ്പെട്ട ബക്കറ്റ് കമ്പോസ്റ്റുകൾ 300എണ്ണത്തിനു മാത്രമെ അനുമതി ഉണ്ടായിരുന്നുള്ളു (300x1000=300000). ടി തുകയിൽ 60000 രൂപ 2020-21-ൽ മുൻകൂറായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിരുന്നു. 450/21 പ്രോജക്ട് പ്രകാരം ബാക്കി നൽകേണ്ട തുക 240000/-ആയിരുന്നു.

2021-22 വർഷം ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമാർജന സെൽ) നിർവഹണം നടത്തിയ 285/22 നമ്പർ പ്രോജക്ട് പ്രകാരം കമ്പോസ്റ്റ് യൂണിറ്റുകൾക്കായി നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|
| 1608000 (സി എഫ് സി) | 1047 135 |
| 1400000 (കേന്ദ്ര വിഹിതം) | 929250 |
| 932000 (സംസ്ഥാന വിഹിതം) | 618615 |
| ആകെ 3940000 | 2595000 |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഓഡിറ്റ വർഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, പ്രസ്തുത ഗുണഭോക്താക്കൾ കൗൺസിൽ അംഗീകരിച്ച അന്തിമ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവർ ആയിരുന്നോ എന്നതിന്റെ വിശദാംശം.

2.സോഷ്യോഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എത്ര എണ്ണം കമ്പോസ്റ്റ് യൂണിറ്റുകൾ ലഭ്യമാക്കിയെന്നും അവയിൽ എത്ര എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയെന്നും ബാലൻസ് എത്ര എണ്ണമുണ്ടെന്നുമുള്ള വിവരം ലഭ്യമല്ല.

3. വാർഡ് തല മോണിട്ടറിംഗ് റിപ്പോർട്ട്, പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (52/20.02.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2595000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് - നം. | എസ് ഒ 289/22- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ |
| ചെലവ് | 164293 (ധനകാര്യ കമ്മീഷൻ അവാർഡ്) + 78225 (കേന്ദ്രാവിഷ്കൃത |

| | |
|---|---|
| | ഫണ്ട്) 408482( സംസ്ഥാനാവിഷ്കൃതം)= 651000 രൂപ. |
| ബിൽ നം | 28/17/12.2021 തുക164293 രൂപ. |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജ്ജന സെൽ |

തെരഞ്ഞെടുത്ത വീടുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നഗരസഭ കമ്മറ്റിയുടെ 18.05.2021 തീയതിയിലെ 1(E) തീരുമാന പ്രകാരം നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും പ്രോജക്ട് - നം. 289/22 പ്രകാരം 62 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 853110111117885) യൂണിറ്റ് ഒന്നിന് 10500 രൂപ നിരക്കിൽ 651000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷന്റെ 17.12.2020 തീയതിയിലെ SEUF/KTM/INV/20-21/143 നമ്പർ ഇൻവോയ്സ് പ്രകാരം 62 യൂണിറ്റുകൾ ലഭ്യമാക്കിയിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 31.12.2018 തീയതിയിലെ സ.ഉ(സാധാ) നം.3281/2018/തസ്വഭവ പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ, ഇതിൽ ഏതാണോ കുറവ് അതാണ് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്കായി കണക്കാക്കുന്നത്. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ 20.12.2019 തീയതിയിലെ 2025/TS-85/2019/DSM/KTM നം കത്തിൽ യൂണിറ്റ് കോസ്റ്റ് 10500 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് ഒരു യൂണിറ്റിന് 7200 രൂപ നിരക്കിൽ 62 യൂണിറ്റുകൾക്ക് 446400 രൂപ സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷന് നൽകേണ്ടതിന് പകരം 10500/- രൂപ നിരക്കിൽ 651000 രൂപയാണ് നൽകിയിരിക്കുന്നത്. അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹരിത കർമ്മസേന സെക്രട്ടറിയുടെ 29.11.2021ലെ കത്തു പ്രകാരം 23 യൂണിറ്റുകൾ പ്രവർത്തന സജ്ജമല്ല എന്ന വിവരം സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/15.02.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടിനായി അധികം നൽകിയ 204600/- (651000 – 446400) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 ശുചീകരണ സാമഗ്രികൾ വാങ്ങൽ-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/22 |
| അടങ്കൽ | 100000( സി എഫ് സി റ്റൈഡ് ഫണ്ട്) |
| ചെലവ് | 99950 ( Bill No-38/4.03. 2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

മഴക്കാല പൂർവ്വ ശുചീകരണത്തോടനുബന്ധിച്ച് ശുചീകരണപ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 99950 രൂപ ചെലവഴിച്ച് ശുചീകരണസാമഗ്രികളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ 16/15.02.2023 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടുനായുള്ള 99950 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-44 ഹരിത കർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷം പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥയായി ഹരിതകർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| 201/22 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 100000(plan) | 70500 | 70/03.09.21 - 11000 |
| | | | 9/7.10.21 - 11000 |
| | | | 125/3.11.21 - 11000 |
| | | | 148/7.12.21 -7500 |
| | | | 168/6.1.22 -7500 |
| | | | 186/8.2.22 - 7500 |
| | | | 216/23.2.22-7500 |
| | | | 244/7.3.22 - 7500 |
| 193/22 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 24501(plan) | 22000 | 31/20.7.21 - 11000 |
| | | | 50/6.8.21 - 11000 |
| ആകെ | | 92500 | |

മേൽ പ്രോജക്ട് നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

നഗരസഭയിലെ എല്ലാ വാർഡുകളിലെയും ഹരിതകർമ്മ സേനയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം, ആർ ആർ എഫിൽ ഷ്രെഡിംഗ് യൂണിറ്റും, ബെയിലിംഗ് യൂണിറ്റും പ്രവർത്തിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ, വേർതിരിച്ച മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയതിന് തുക ഈടാക്കിയതിന്റെ വിശദാംശം, 95001/- രൂപ ചെലവഴിച്ച് 2021-22 വർഷം നടത്തിയ പ്രവർത്തനങ്ങൾ (ട്രെയിനിംഗ് / ഹോണറേറിയം നൽകൽ/യൂണിഫോം) എന്നീ വിവരങ്ങൾ ലഭ്യമല്ല.

സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാറിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി 15.02.2023-ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 92,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-45 കുടിശ്ശിക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 48711 രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

നഗരസഭയിൽ നിന്നും വിരമിച്ച കണ്ടിജന്റ് തൊഴിലാളിയായ ശ്രീ ശിവരാജന് വൗച്ചർ നമ്പർ 22100089/04.06.21 പ്രകാരം 48711 രൂപ നൽകിയിട്ടുണ്ട് (സി.പി.എഫിൽ ലയിപ്പിക്കാത്ത പെൻഷൻ സബ്സ്ക്രിപ്ഷൻ തിരികെ നൽകിയത് ). നഗരസഭയുടെ ഉടമസ്ഥതയിലുള്ള ക്രിമറ്റോറിയം ഒരു ലക്ഷം രൂപയ്ക്ക്, പ്രതിവർഷം 5% വർദ്ധനവോടെ 2018-19 മുതൽ മൂന്ന് വർഷത്തേയ്ക്ക് ലേലത്തിൽ എടുത്തിരുന്ന ശ്രീ.ശിവരാജൻ 11/20 വരെ പിഴപലിശയും ജി.എസ്.റ്റിയും ഉൾപ്പെടെ ആകെ 325976 രൂപ അടവാക്കാനുണ്ടായിരുന്നതായും ശ്രീ.ശിവരാജൻ നഗരസഭയിൽ നിന്നും വിരമിച്ച കണ്ടിജന്റ് തൊഴിലാളിയായതിനാൽ ടിയാൾക്ക് നഗരസഭയിൽ നിന്നും വിവിധ ആനുകൂല്യങ്ങളിലായി നൽകുവാനുള്ള തുക ശ്മശാനം നടത്തിയ ഇനത്തിലുള്ള കുടിശ്ശിക തുകയിൽ വരവ് വയ്ക്കുന്നതിന് സമ്മതമാണെന്ന് 20.10.2020ൽ ടിയാൻ മുദ്രപേപ്പറിൽ എഴുതി നൽകിയിട്ടുള്ളതായും 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21 പരാമർശിച്ചിട്ടുണ്ട്. ശ്രീ.ശിവരാജൻ ലേല കുടിശ്ശിക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിശ്ശിക തുക പൂർണ്ണമായി ഒടുക്കിയതിന് ശേഷമാണോ പരാമർശിത പെൻഷൻ സബ്സ്ക്രിപ്ഷൻ തുക തിരികെ നൽകിയതെന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (38/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 48711 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുടിശ്ശിക തുക ഒടുക്കിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-46 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിൽ വീഴ്ച

നഗരസഭ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ തുക ബാദ്ധ്യതയുള്ളതായി കാണുന്നു. നഗരസഭയുടെ 2021-22ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 4199345.75രൂപ (10.02.2023ൽ ഈയിനത്തിൽ48,30,903.75 ) അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് വർഷങ്ങളിലും (2019-2020, 2020-2021) ഈ ഇനത്തിൽ ലഭിച്ച തുക സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടച്ചിട്ടില്ല. The Kerala Decentralisation Of Powers Act – 2000 ഖണ്ഡിക 35 മുഖേന Kerala Public Libraries (Kerala Grandhasala Sanghom) Act, 1989 ലെ ഖണ്ഡിക 48ന് വരുത്തിയ ഭേദഗതി പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം കാലതാമസത്തിന് 2% നിരക്കിൽ പ്രതിമാസം പിഴ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരം പിഴ ഒടുക്കേണ്ടി വരികയാണെങ്കിൽ ആയത് സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കേണ്ടതുമാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക അടിയന്തിരമായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-47 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല - സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2019-20 മുതൽ അറുപതോളം കേസുകൾ നഗരസഭ എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം നഗരസഭയുടെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് നഗരസഭയ്ക്കു കഴിയുന്നുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ നഗരസഭ വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുത എല്ലാ കേസുകളിലും വ്യക്തമല്ല. നഗരസഭയ്ക്കു അനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം

നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റരീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ (60,000 രൂപ ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല.

കൃത്യമായ ഫോർമാറ്റിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 പി.എം.എ.വൈ - അവലോകനം

പി.എം.എ.വൈ ഭവനപദ്ധതിക്കായി ജനറൽ, എസ്.സി, എസ്.റ്റി വിഭാഗങ്ങളിലായി 149 ഗുണഭോക്താക്കൾ നഗരസഭയുമായി കരാറിലേർപ്പെടുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കരാറിലേർപ്പെട്ടവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ | ആദ്യഗഡു മാത്രം കൈപ്പറ്റിയവർ |
|---|---|---|---|---|
| ജനറൽ | 20 | 11 | 9 | 8 |
| എസ്.സി | 128 | 92 | 36 | 2 |
| എസ്.റ്റി | 1 | 0 | 1 | 1 |
| ആകെ | 149 | 103 | 46 | 11 |

മൂന്ന് വിഭാഗങ്ങളിലുമായി 46 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുവാനവശേഷിക്കുന്നു. ആയതിൽ തന്നെ 11 ഗുണഭോക്താക്കൾ ആദ്യഗഡു മാത്രം കൈപ്പറ്റിയവരാണ്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-49 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - സി.എഫ് .എൽ .റ്റി.സി/ഡി.സി.സി നടത്തിപ്പ സംബന്ധിച്ച്

വൈക്കം നഗരസഭയിൽ സ.ഉ (സാധാ)നം. 1364/2020തസ്വഭവ തീയതി 16.07.2020 പ്രകാരം താലൂക്ക് ആശുപത്രി കെട്ടിടത്തിൽ ആയിരുന്നു സി എഫ് എൽ റ്റി സി പ്രവർത്തിച്ചിരുന്നത്.

2021-22 വർഷം നഗരസഭ 2695504/- രൂപ കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. ടി തുക ജില്ലാദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും മുൻകൂർ ലഭിച്ചതായിരുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മാലിന്യ സംസ്കരണം | 105000 |
| ഹെൽത്ത് ഇൻസ്പെക്ടർക്ക് അഡ്വാൻസ് | 20000 |
| ഭക്ഷണം | 250000 |
| സി എഫ് എൽ റ്റി സി തൊഴിലാളികളുടെ വേതനം | 243000 |
| സി എഫ് എൽ റ്റി സി സ്റ്റാഫ് നഴ്സ് , ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ വേതനം | 159750 |
| സി എഫ് എൽ റ്റി സി (ഫുഡ് ബിൽ- അനിതാകുമാരി) | 159485 |
| മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 59004 |
| ആംബുലൻസ്, | 36000 |
| വേസ്റ്റ് ഡിസ്പോസൽ വാടക | 54000 |

| | |
|---|---|
| സി എഫ് എൽ റ്റി സി സ്റ്റാഫ് നഴ്സ് , ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ വേതനം | 1365000 |
| ആംബുലൻസ് വാടക | 58225 |
| ഭക്ഷണം | 127120 |
| മാലിന്യ സംസ്കരണം | 58920 |
| ആകെ | 2695504 |

മേൽ സൂചിപ്പിച്ചവ കൂടാതെ ചുവടെ സൂചിപ്പിയ്ക്കുന്ന പ്രോജക്ടുകൾ പ്രകാരവും സി എഫ് എൽ റ്റി സി നടത്തിപ്പിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം-പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 371/22കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക അനുവദിയ്ക്കുന്നത്. | സെക്രട്ടറി | 759614 | സിഎഫ്.സി |
| 151/22കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക അനുവദിയ്ക്കുന്നത്. | സെക്രട്ടറി | 7486051 | വികസന ഫണ്ട് (പൊതു വിഭാഗം) |
| 153/22കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ മരുന്നുകൾ ഉപകരണങ്ങൾ എന്നിവ വാങ്ങൽ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 1179363 | റോഡിതര ഫണ്ട് |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/21ൽ തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതുസംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ നഗരസഭയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

1-50 ജലാശയങ്ങളുടെ പുനരുജ്ജീവനം - പൂർത്തീകരണ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 171/22 ജലാശയങ്ങളുടെ പുനരുജ്ജീവനം പൊതു തോടുകൾ ഉൾപ്പെടെ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി | മൈനർ ഇറിഗേഷൻ വകുപ്പ് |
| അടങ്കൽ | 3022892 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 3022892 |

| | |
|---|---|
| ബിൽ നമ്പർ | 333/26.03.22 |

ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായുള്ള ജലാശയങ്ങളുടെ പുനരുദ്ധാരണം എന്ന പദ്ധതിക്കായി മേൽ പ്രോജക്റ്റ് പ്രകാരം 3022892 രൂപ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നഗരസഭ അടവാക്കിയിട്ടുണ്ട് (നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക) നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ട കരാറിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.24/16.02.2023) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ടപ്പോൾ 10/09/2022ലാണ് പ്രവൃത്തിയുടെ സൈറ്റ് കൈമാറിയതെന്നും കാലാവധി 9 മാസമാണെന്നും മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. കരാറിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 3022892/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-51 മുൻകൂർ നാളിതുവരെ ക്രമീകരിച്ചില്ല.

2021-22 വർഷം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിച്ച 5,00,000 രൂപ 08.10.2021 തീയതിയിൽ 22100268 നമ്പർ വൗച്ചർ പ്രകാരം നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ/കോവിഡ് നോഡൽ ഓഫീസർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ടിതുക തുക കൈപ്പറ്റി ഒന്നര വർഷമായിട്ടും നാളിതു വരെ ക്രമീകരിയ്ക്കുന്നതിനുള്ള അനുബന്ധ രേഖകൾ ജീവനക്കാരൻ ഹാജരാക്കിയിട്ടില്ല. മുൻകൂർ തുക കൈപ്പറ്റി മൂന്നുമാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക 18% പലിശ സഹിതം തിരികെ അടവാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (53/20.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുൻകൂർ നൽകിയ 5,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-52 പെൻഷൻ കോൺട്രിബ്യൂഷൻ -വരവ് അടവ് വിവരങ്ങൾ - കൃത്യതയില്ല

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, അസ്സൽ ചെലാൻ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.19/15.02.2023) നൽകിയിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് ഹാജരാക്കിയ ഫയൽ പ്രകാരം നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലെ തുകകൾ പൂർണ്ണമായും അടയ്ക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് കൃത്യമായി അലോട്ട്മെന്റുകൾ ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നതെന്ന് ഫയലിൽ കാണുന്നു.

| | റഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|
| സർവ്വീസ് പെൻഷൻകാരുടെ എണ്ണം | 21 | 22 |
| കുടുംബപെൻഷൻകാരുടെ എണ്ണം | 15 | 11 |
| 2021-22വർഷം സർവ്വീസ് പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 8722479 | 4341036 |
| 2021-22വർഷം കുടുംബ | *വിവരങ്ങൾ* | *വിവരങ്ങൾ* |

| | | |
|---|---|---|
| പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | *ലഭ്യമാക്കിയിട്ടില്ല* | *ലഭ്യമാക്കിയിട്ടില്ല* |
| 2021-22വർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ / മുൻസിപ്പൽപെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക. | ----- | *503624* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും തൻ വർഷം ലഭിച്ച അലോട്ട്മെന്റ്. | 3428323 | *വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുക. | 1540541 | *വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല* |
| സെൻട്രൽ പെൻഷൻ/ മുൻസിപ്പൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക | 34399901 (നാളിതുവരെ) | വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല |
| നഗരസഭയിലെ പെൻഷൻഫണ്ട് അക്കൗണ്ട് നമ്പർ/ നീക്കിയിരിപ്പ് . | TSB 799010100382 Nil | TP-124 Nil |

പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ (NPS) പെൻഷൻ വിഹിതമിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ വിതരണം - നഗരസഭയ്ക്ക് ബാദ്ധ്യത

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും മുൻസിപ്പൽ പെൻഷൻ ഫണ്ടിലും അടവാക്കുന്നില്ല. 1997 -ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11 വർഷം മുതൽ കുടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴിതെളിക്കും. പെൻഷൻ അംശദാന അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിന്റെ അപാകത കാരണമാണ് ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വിടവു നികത്തൽ

ഫണ്ട് ലഭ്യമാകാത്തത്.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-53 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

സ. ഉ. (കൈ) നം. 11/ത.സ്വ.ഭ.വ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.
നഗരസഭ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.
കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമായി തയ്യാറാക്കിയിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് നിരീക്ഷിക്കുന്നു.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.22) അസറ്റ് മാനേജ്മെന്റിന് കമ്മിറ്റി രൂപികരിക്കുന്നതാണെന്നും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 31/12/22ലെ 11-ാം നമ്പർ തീരുമാനം പ്രകാരം ശ്രീ സൂരജ് കെ.എസ്., കാലയിൽ എന്ന വ്യക്തിയെ ചുമതലപ്പെടുത്തി എന്ന് മറുപടി ലഭ്യമാക്കി. കൗൺസിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-54 വിനിയോഗ സാക്ഷ്യ പത്രം, ചെലവ് വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല - 20000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാർഡ് കമ്മറ്റികൾക്ക് തനത് ഫണ്ടിൽ നിന്ന്

വൗച്ചർ 2210058/31.05.21- 260000 രൂപ , 22100600/ 18.03.22- 260000 രൂപ എന്നിവ പ്രകാരം 520000 രൂപ (ഓരോ വാർഡിലേക്കും 20000 രൂപ വീതം 26 വാർഡുകളിലേക്ക് 520000 രൂപ) നൽകിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരങ്ങൾ എന്നിവ ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/16.02.2023) മറുപടിയായി 500000 രൂപയുടെ ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. 13, 26 വാർഡുകളിൽ നൽകിയ 20000 രൂപയുടെ (ഓരോ വാർഡിലും 10000 രൂപ വീതം) ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 20000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-55 വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ നമ്പർ/ വൗച്ചർ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 1/22 സാമൂഹ്യസുരക്ഷാമിഷൻ സംഭാവന | 300000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 330/26.3.22 | സാമൂഹ്യസുരക്ഷാമിഷൻ |
| 2 | 2/22 എസ്.എസ്.എ വിഹിതം നൽകൽ | 100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 260/15.3.22 | പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ |
| | ആകെ | 400000/- | | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/14.02.2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗവിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

വൈക്കം നഗരസഭയുടെ 2021-22 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 23.07.2022-ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 08.02.2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2021-22 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

തൻവർഷം വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് |
|---|---|---|---|
| 171/21-22 | ജലാശയങ്ങളുടെ പുനരുജ്ജീവനം പൊതുതോടുകൾ ഉൾപ്പെടെ (ജലശക്തി അഭിയാന്റെ ഭാഗമായ പദ്ധതി) | ജലസേചന വകുപ്പ് | 3022892 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു. ഇഎംഎസ് ഹൗസിംഗ് ലോൺ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വായ്പ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാ വസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെയുആർ ഡിഎഫ് സി പിഎംഎവൈ ഹൗസിംഗ് ലോൺ | ജി.ഒ(എംഎസ്)നം. 68/18/ എൽഎസ്ജിഡി തീയതി 18/05/2018 | 40653333 | 35565572 | 4800000 | 3573333 | 36792239 |
| ഇഎംഎസ് ഹൗസിംഗ് ലോൺ | ജിഒ(പിഎസ്)നം. 129/2009/ടിഡി തീയതി 16/07/2009 | 867975 | 975 | - | | 975 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ഈടാക്കിയ 7271/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 3-10 | 7271 | ശ്രീമതി ലീനാ വി | 121010105118/ 07.12.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.26 | 2012-13 | അദ്ധ്യായം 2 ഖണ്ഡിക 2.5 | നഗരസഭകളും പരസ്യ നികുതിയും | നിയസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2011-12 | 2-7 | 2013-14 | 4.6 | ടൗൺ ഹാൾ, റെസ്റ്റ് ഹൗസ് വാടക കുടിശിക ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| -- | -- | 2015-16 | 4.2.2 | വിവിധ പദ്ധതികളിലെ അപേക്ഷ ഫോറത്തിൽ അർഹത/ മുൻഗണന മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (വിഷയാധിഷ്ഠിത അവലോകനം) | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2016-17 | 3-16 | 2017-18 | 15.3 | വെള്ളക്കര കടിശിക – നഗരസഭയ്ക്ക് 4.8 | നിയമസഭാ സമിതി |

| | | | | | |
|---|---|---|---|---|---|
| | | | | കോടി രൂപയുടെ ബാദ്ധ്യത | പരിഗണിച്ചിട്ടില്ല |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 181576964.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 158531041 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8117599 |

(ബി) മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 20107 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-26 | 59447 | ശ്രീ.സിബിമോൻ ബി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-27 | 75264 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-30 | 158567 | ശ്രീ ജയകുമാർ ബി, മുനിസിപ്പൽ എഞ്ചിനിയർ |
| 1-31 | 91322 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-32 | 152552 | ശ്രീ ജയകുമാർ ബി, മുനിസിപ്പൽ എഞ്ചിനിയർ |
| 1-36 | 176687 | ശ്രീ ജയകുമാർ ബി, മുനിസിപ്പൽ എഞ്ചിനിയർ |
| 1-40 | 400000 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-41 | 2595000 | ശ്രീ അജിത് വി പി,ഹെൽത്ത് ഇൻസ്പെക്ടർ |
| 1-42 | 204600 | ശ്രീ അജിത് വി പി,ഹെൽത്ത് ഇൻസ്പെക്ടർ |
| 1-43 | 99950 | ശ്രീ അജിത് വി പി,ഹെൽത്ത് ഇൻസ്പെക്ടർ |
| 1-44 | 92500 | ശ്രീ അജിത് വി പി,ഹെൽത്ത് ഇൻസ്പെക്ടർ |
| 1-45 | 48711 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-50 | 3022892 | ശ്രീ ജയകുമാർ ബി, മുനിസിപ്പൽ എഞ്ചിനിയർ |
| 1-51 | 5,00,000 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-54 | 20000 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |
| 1-55 | 400000 | ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 8117599 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 1998-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ |

| | |
|---|---|
| | 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07 /09.09.09 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2007-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206 /17/29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/2049 /18/04.05.2019 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178/19/03.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി17/1342/22.12.20 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി17/185/23.03.2022 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി17/186/30.03.2022 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്